# വിശ്വവാണി സമർപ്പണം

Vol. 37 - Issue 8 - August 2024 - Rs. 10/-



## സുവിശേഷം അറിഞ്ഞവർ ലജ്ജിക്കയോ ലജ്ജിക്കപ്പെടുകയോ ചെയ്യുകയില്ല!

VishwaVani Samarpan
A Loving Epistle To The Praying Hearts
August 2024

**PUBLICATION OFFICE:**
1-10-28/247, Anandapuram, Kushaiguda,
ECIL Post, Hyderabad. Ph: 040-27125557.
Email: samarpan@vishwavani.org

**ADMIN. OFFICE:**
20, Raghul Street, T.M.P. Nagar, Pudur,
Ambattur, Chennai-600053.
Ph: 044-26869200.
Email: vishwavaninet@vishwavani.org

## താളുകൾ മറികടക്കുമ്പോൾ

02 അയവിറക്കാൻ
03 എക്സിക്യൂട്ടീവ് ഡയറക്ടറിന്റെ....
07 പ്രത്യേക പംക്തി
12 കേരളത്തിൽ നിന്നും...
16 ചെയർമാന്റെ കത്ത്...
20 ആഡിറ്റ് റിപ്പോർട്ട്
21 പ്രയർ നെറ്റ് വർക്ക് ഡയറക്ടർ....
24 വയൽ വാർത്തകൾ
34 നിലത്തു വീണ ഗോതമ്പുമണി...

This mission journal from Vishwa Vani is being published in Tamil, Malayalam, Odia,Telugu, Kannada, Marathi, Gujarati, Hindi, Bengali, English, Kokborok, Soura and Nepali languages.
Yearly Subscription: Rs. 100/-

# അയവിറക്കാൻ

- യേശുവിന്റെ പ്രത്യക്ഷതയിൽ ലജ്ജിക്കാത്തവർ ആർ?
  ജീവിച്ചിരുന്നപ്പോൾ
  അവനെ ആദരിച്ചവർ!
- യേശു തന്റെ വിരലുകൾ കൊണ്ട്
  എഴുതുന്നതുവരെ
  അവർ ഊർജ്ജസ്വലരായിരുന്നു
  അതിനുശേഷം അവർ ലജ്ജിച്ചു!
- പാപം നിമിത്തം നാം ഒളിച്ചിരുന്നാലും
  പരിശുദ്ധന്റെ കണ്ണുകൾ
  നമ്മെ പിന്തുടരും!
- പത്രോസ് മാളികമുറിയിൽ
  കയറുന്നതിനു മുമ്പ്
  ലജ്ജയാലും ഭയത്താലും
  നിറഞ്ഞവനായിരുന്നു
  മാളികമുറിയിൽ കയറിയ
  ശേഷമോ ജയിലിലും അവൻ
  സുഖമായിരുന്നു!
- അവർ ജോസഫിനെ സിംഹക്കുഴിയിൽ ഇട്ടപ്പോൾ
  അവർ ലജ്ജിച്ചിരുന്നില്ല എന്നാൽ
  പിന്നീട് അവനെ അഭിമുഖികരിക്കാൻ അവർ ലജ്ജിച്ചു!
- യേശുവിനെ രുചിച്ചറിയുന്നതുവരെ
  സുവിശേഷവേല നല്ലതായി
  തോന്നില്ല!



**ദൈവത്തിനായി കാത്തിരിക്കുന്നതിനാൽ ഒരിക്കലും ലജ്ജിക്കാത്ത ശുശ്രൂഷാ സഹകാരികൾക്ക്...**

# എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിന്നും...

തന്റെ ജനത്തെ ഒരിക്കലും ലജ്ജിപ്പിക്കയില്ല എന്ന് വാഗ്ദത്തം ചെയ്ത കർത്താവിന്റെ മാറ്റമില്ലാത്ത നാമത്തിൽ സ്നേഹവന്ദനം.

നിങ്ങളിൽ പലരും സമർപ്പൺ മാസിക സൂക്ഷ്മമായി വായിക്കുകയും ശുശ്രൂഷയ്ക്കായി വിശ്വസ്തതയോടെ പ്രാർത്ഥിക്കുകയും ചെയ്യുന്നു. കൂടാതെ നിങ്ങൾ ശുശ്രൂഷയ്ക്കായി ഔദാര്യമായി ദാനങ്ങളെ നൽകുകയും ചെയ്യുന്നു. ഞങ്ങളുടെ ഹൃദയംഗമായ നന്ദി അറിയിക്കുന്നു. നിങ്ങളുടെ പങ്കാളിത്തം വിശ്വവാണി ശുശ്രൂഷയിൽ സമൃദ്ധമായ വിളവെടുപ്പിനു കാരണമായി. ഭാരതത്തിൽ ദൈവത്തിന്റെ നാമം ശക്തമായി വ്യാപിക്കാനും ഇത് സഹായിക്കുന്നു. നിങ്ങൾ ദൈവത്തെ മാനിക്കുന്നതിനാൽ ഒരിക്കലും മനുഷ്യരുടെ മുമ്പിൽ ലജ്ജിക്കയില്ല എന്നത് അവന്റെ വാഗ്ദാനമാണ്!(യെശ:54:4; സങ്കീ:34:5)

**പ്രാർത്ഥനാജീവിതം- വിജയകരമായ ജീവിതം:** പ്രാർത്ഥനാജീവിതം ഒരു ക്രിസ്ത്യാനിക്ക് സുപ്രധാനമാണ്. പ്രാർത്ഥനാ ജീവിതത്തിൽ യേശുക്രിസ്തു നമുക്ക് മാതൃകയായി നിലകൊള്ളുന്നു. അവൻ തുടർച്ചയായി പ്രാർത്ഥിക്കുകയും തന്നെ അനുഗമിക്കുന്ന എല്ലാവരെയും പ്രാർത്ഥനയിൽ ഉറച്ചു നിൽക്കാൻ പഠിപ്പിക്കുകയും ചെയ്തു. ഈ ജീവിതം നമ്മെ പാപപൂർണ്ണമായ ജീവിതത്തിൽ നിന്ന് വേറിട്ടു നിർത്തുകയും ദൈവത്തിന്റെ പൂർണ്ണമായ ഹിതത്തെക്കുറിച്ചുള്ള അറിവു നൽകുകയും ചെയ്യുന്നു. ജീവിതത്തിലെ പ്രധാന തീരുമാനങ്ങൾ കൃത്യമായി എടുക്കുന്നതിനും ദൈനംദിന വെല്ലുവിളികളെ അതിജീവിക്കുന്നതിനുള്ള വിജയം നൽകുന്നതിനും ഇത് വഴിയൊരുക്കും. നാം ആത്മാവിൽ ക്ഷീണിക്കുകയും രോഗികളായിരിക്കുകയും ചെയ്യുമ്പോഴും അത് നമ്മെ സംരക്ഷിക്കും. മറ്റുള്ളവർക്കുവേണ്ടി മധ്യസ്ഥത വഹിക്കാനും പ്രാർത്ഥനാ ജീവിതം നമ്മെ സഹായിക്കുന്നു. ഈ പ്രാർത്ഥനാ ജീവിതം മറ്റുള്ളവരുടെ മുമ്പിൽ നമ്മെ ലജ്ജിപ്പിക്കില്ല എന്നതാണ് സത്യം.



എല്ലാ വർഷവും ജൂലൈ മാസം വിശ്വവാണി ശുശ്രൂഷ പ്രാർത്ഥനാ മാസമായി വേർതിരിച്ചിരിക്കുന്നു. നിശ്ചയിച്ചിരിക്കുന്ന സമയ പട്ടിക അനുസരിച്ച് ഭാരതത്തിലുടനീളമുള്ള ലക്ഷക്കണക്കിന് പ്രാർത്ഥനാ സഹകാരികൾ പുലർച്ചെ 4 മണി മുതൽ തുടർമാനമായി ഈ പ്രാർത്ഥനാ ചങ്ങലയിൽ പങ്കാളികളാകുന്നു. രാജ്യത്തിന്റെ നന്മയ്ക്കും, സുവിശേഷഘോഷണത്തിനും, വിശ്വവാണി ശുശ്രൂഷയുടെ ദർശനം പൂർത്തീകരിക്കുന്നതിനുമായി അവർ ഇടുവിൽ നിൽക്കുന്നു. തുടർന്നും രാജ്യത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നതിന് പ്രാർത്ഥനാ വിഷയങ്ങൾ ആവശ്യമാകുന്നുവെങ്കിൽ ഞങ്ങളുമായി ബന്ധപ്പെട്ടാലും. പ്രാർത്ഥിക്കാൻ അറിയുന്നവർ ലജ്ജിച്ചിരുന്നില്ല, ലജ്ജിക്കുകയുമില്ല!

നഷ്ടപ്പെട്ടവരെ രക്ഷിക്കുന്നതിന് ദൈവം വഴികാട്ടുന്നു: ദാരിദ്ര്യം, ശാപം, വരൾച്ച എന്നിവയെക്കുറിച്ച് യോവേൽ പ്രവാചകന്റെ പുസ്തകത്തിൽ പറയുന്നു. ദൈവവചനത്തോട് അനുസരണക്കേട് കാണിക്കുകയും പാപത്തിൽ തുടരുകയും ചെയ്തതിനാൽ ദൈവമക്കൾ അവിശ്വാസികളുടെ ഇടയിൽ ലജ്ജിച്ചതായി നാം ഇവിടെ വായിക്കുന്നു. നാം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും, പാപങ്ങളിൽ നിന്ന് അനുതപിക്കുകയും ചെയ്യുമ്പോൾ, ദൈവം തന്റെ ജനത്തോട് ദയ കാണിക്കും (യോവേ:2:15-17; 21-27).

അതുപോലെ, തന്റെ ജനം ദൈവവചനം ഉപേക്ഷിച്ച് വ്യഭിചാരത്തിലേക്കും, വേശ്യാവൃത്തിയിലേക്കും, വിഗ്രഹാരാധനയിലേക്കും തിരിയുകയും അന്യായമായ ദുഷ്പ്രവൃത്തികൾ പിന്തുടരുകയും ചെയ്തതിനാൽ ദൈവം അവരെ ന്യായം വിധിച്ചതായി ആമോസ് പ്രവാചകന്റെ പുസ്തകം 2-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. അതിലുപരി ആമോ:4:6-11 വരെയുള്ള വാക്യങ്ങളിൽ, എന്നിട്ടും നിങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല എന്ന് അവൻ അവരെ ശാസിച്ചുകൊണ്ടു 5 പ്രാവശ്യം പറഞ്ഞു. ആമോ:4:12 ൽ അവൻ ഇപ്രകാരം ഉപസംഹരിച്ചു, അതുകൊണ്ടു യിസ്രായേലേ, ഞാൻ ഇങ്ങനെ നിന്നോടു ചെയ്യും; യിസ്രായേലേ, ഞാൻ ഇതു നിന്നോടു ചെയ്വാൻ പോകുന്നതുകൊണ്ടു നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക.

അതിനാൽ പ്രിയരേ, ഇപ്പോൾ ആകുന്നു സുപ്രസാദകാലം, ഇപ്പോൾ ആകുന്നു രക്ഷാദിവസം(2 കൊരി:6:2). എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു ദൈവം കല്പിക്കുന്നു(അ.പ്ര:17:30). യേശു രാജാവായി മടങ്ങി വരുമ്പോൾ കർത്താവിന്റെ സന്നിധിയിൽ ലജ്ജയില്ലാതെ നിൽക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അവന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടുക! നിങ്ങൾ ലജ്ജിക്കയില്ല. മനുഷ്യരുടെ മുമ്പിൽ നിങ്ങൾ തല ഉയർത്തും. നിങ്ങളുടെ ബന്ധനങ്ങൾ തകർക്കപ്പെടും, നിങ്ങളുടെ ജീവിതം അനുഗ്രഹിക്കപ്പെടും. നിങ്ങൾക്ക് നഷ്ടപ്പെട്ടത് നിങ്ങൾ വീണ്ടെടുക്കും(യെശ:62:8; ആമോ:9:14,15; യോവേ:2:18-19).

ലജ്ജയ്ക്കു പകരം ഇരട്ടി അനുഗ്രഹങ്ങൾ: സുവിശേഷം അറിയുകയും അത് മറ്റുള്ളവരുമായി പങ്കുവെയ്ക്കാൻ തയ്യാറുള്ളവരുമായ എല്ലാ വിശ്വാസിൾക്കുമുള്ള വാഗ്ദത്തം യെശ:61:1-7 വരെയുള്ള ഭാഗത്ത് ദൈവം പങ്കുവെയ്ക്കുന്നു. 9-11 വരെയുള്ള വാക്യങ്ങൾ പറയുന്നത് അവർക്ക് ഏറ്റവും ആനന്ദവും, ദേശത്ത് ഇരട്ടി അവകാശവും ഉണ്ടായിരിക്കും, അവരുടെ ആത്മാവ് സന്തോഷിക്കും, സന്തതികൾ അനുഗ്രഹിക്കപ്പെടും, കുടുംബം നീതി ധരിക്കും, ഭൂമി അതിന്റെ പൂർണ്ണഫലം നൽകും. ശുശ്രൂഷയക്കായി പ്രാർത്ഥിക്കുകയും നൽകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ ലജ്ജിച്ചിട്ടില്ലെന്നും ഒരിക്കലും ലജ്ജിക്കയില്ലെന്നും സൈന്യങ്ങളുടെ കർത്താവു പറയുന്നു. ഇന്ന് ദൈവത്തിന്റെ ദയകളെക്കുറിച്ച് പറയാൻ ഞങ്ങൾ ശ്രമിക്കുന്നു, യഹോവ നമുക്കു നൽകിയതുപോലെ ഒക്കെയും ഞാൻ യഹോവയുടെ പ്രീതി വാത്സല്യത്തെയും യഹോവയുടെ സ്തുതിയെയും അവന്റെ കരുണയ്ക്കും മഹാദയയക്കും ഒത്തവണ്ണം അവൻ യിസ്രായേൽ ഗൃഹത്തിനു കാണിച്ച വലിയ നന്മയെയും കീർത്തിക്കും(യെശ:7). അതേ, തീർച്ചയായും ദൈവം നിങ്ങളെ മാനിക്കും!

**സുവിശേഷവേലയിൽ ഒരു മനുഷ്യന്റെ കൈപ്പത്തിയോളം മേഘം**

പ്രവാചകനായ ഏലിയാവിന്റെ കാലത്ത്, ഒരു കൈപ്പത്തിയോളം മേഘം കനത്ത മഴ കൊണ്ടുവന്നു. അതുപോലെ, അല്പമായ തുടക്കങ്ങളുണ്ടായിരുന്ന വിശ്വവാണി ശുശ്രൂഷയിലൂടെ ഒരു വലിയ കൊയ്ത്ത് ഉണ്ടാകാൻ പ്രാർത്ഥനയോടെ മുന്നേറുകയാണ്. ഞങ്ങൾ വളരെ ചെയ്തു എന്ന് പറഞ്ഞ് തൃപ്തിപ്പെടാതെ സമൃദ്ധമായ കൊയ്ത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദർശനം പൂർത്തീകരിക്കുന്നതിനും ദൈവത്തിന്റെ നാമം മാത്രം മഹത്വപ്പെടണം എന്ന ആഗ്രഹത്തോടെയും ഞങ്ങൾ മുന്നോട്ടു ചുവടുകൾ വെയ്ക്കുന്നു.

നിലവിൽ ഭാരതത്തിലെ 29 സംസ്ഥാനങ്ങളിലെ 222 ജില്ലകളിലെ 337 ജനവിഭാഗങ്ങൾ അധിവസിക്കുന്ന 10,500 ഗ്രാമങ്ങളിൽ 4737 മിഷനറിമാർ കർത്താവിന്റെ മഹത്വമേറിയ ശുശ്രൂഷ ചെയ്തുവരുന്നു.

7917 ഗ്രാമങ്ങളിൽ വേദപഠന കൂടിവരവുകളും, 3310 വയൽ സഭകളിൽ ഞായ

റാഴ്ച ആരാധനാ കൂടിവരവുകൾ ദൈവം നമുക്ക് നൽകിയിരിക്കുന്നു. നമ്മുടെ മിഷനറിമാരുടെ പ്രവർത്തനഫലമായി ഇപ്പോൾ 11905 പുതിയ വിശ്വാസികൾ വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നു. 137 വയലുകളിൽ നടക്കുന്ന ആരാധനാലയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിച്ചാലും. ഈ വർഷം 1400 പുതിയ മിഷനറിമാരിലൂടെ 7000 പുതിയ ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കേണ്ടതിനായി പ്രാർത്ഥിച്ചു തീരുമാനിച്ചിരിക്കുന്നു.

**കിഴക്ക്, വടക്കു കിഴക്കൻ ശുശ്രൂഷകൾ:**



ഭാരതത്തിന്റെ കിഴക്ക്, വടക്കു കിഴക്ക് ഭാഗങ്ങളിലെ 2894 ഗ്രാമങ്ങളിൽ നമ്മുടെ മിഷനറിമാർ സുവിശേഷം പങ്കുവെയ്ക്കുന്നു. ഒഡീഷ, വെസ്റ്റ്ബംഗാൾ, സിക്കിം, ആസ്സാം, ത്രിപുര, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിലെ 22000 ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുന്നതിന് ഞങ്ങൾ പദ്ധതിയിട്ടിരിക്കുന്നു. ഈ സംസ്ഥാനങ്ങളിൽ സുവിശേഷം പങ്കുവെയ്ക്കുന്നതിന് മേഘാലയ, മിസോറാം, നാഗാലാന്റ് എന്നിവിടങ്ങളിലെ സഭകളുമായി ചേർന്ന് പ്രവർത്തിക്കാൻ ഞങ്ങൾ ശ്രമിക്കുന്നു.

ജൂൺ 10-18 വരെയുള്ള ദിവസങ്ങളിൽ മണിപ്പൂർ, മിസോറാം, വെസ്റ്റ്ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ പോകുന്നതിനും വയൽ സഭകളിലെ മൂപ്പന്മാരെ കാണുന്നതിനും മണിപ്പൂരിലെ മിഷനറിമാരെയും കലാപത്തിനിരയായ വിശ്വാസികളെയും കണ്ട് ധൈര്യപ്പെടുത്തുന്നതിനും എനിക്ക് അവസരം ലഭിച്ചു. ഈ സംസ്ഥാനങ്ങളിൽ നിന്നുള്ള സഭകൾ സുവിശേഷത്തിന്റെ വ്യാപനത്തിനായി വലിയൊരു തുക വകയിരുത്തുന്നതായും സുവിശേഷം എത്താത്ത ഗ്രാമങ്ങളിലേക്ക് മിഷനറിമാരെ അയയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതായും ഞങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ കഴിഞ്ഞു. വയൽ സഭകളുടെ വ്യാപനത്തിൽ ഞങ്ങളും അതിന്റേതായ പങ്കുവഹിക്കുന്നു.

ഭാരതത്തിന്റെ തെക്ക്, മധ്യ, പടിഞ്ഞാറൻ ഭാഗങ്ങളിലെ ശുശ്രൂഷ: ഈ പ്രവിശ്യയിൽ ആന്ധ്രപ്രദേശ്, തെലങ്കാന, കർണ്ണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ 3350 ഗ്രാമങ്ങൾ ഉൾപ്പെടുന്നു. നിലവിൽ ഈ സംസ്ഥാനങ്ങളിൽ 693 ആരാധനാലയങ്ങളും വിശ്വാസപ്രഖ്യാപനം നടത്തി ദൈവത്തെ ആരാധിക്കുന്ന 45766 വിശ്വാസികളും ദൈവം നൽകിയിരിക്കുന്നു. ആഴ്ച തോറും നടക്കുന്ന 2142 വേദപഠന കൂടിവരവുകളിലൂടെ വിശ്വാസികൾ ക്രമമായി ദൈവവചനം പഠിക്കുകയും ആത്മീകമായി വളരുകയും ചെയ്യുന്നു.



ആന്ധ്രാപ്രദേശിലെ ശ്രീകാകുളം ജില്ലയിലെ വയലുകൾ സന്ദർശിക്കുന്നതിനും, പുല്ലാമനുഗുഡ, പൊഡിസ്സാ എന്നീ വയുകളിൽ നിർമ്മിച്ച പുതിയ ആരാധനാ കൂടിവരവുകളുടെ സമർപ്പണ ശുശ്രൂഷയിൽ പങ്കുചേരുന്നതിനും തുടർന്ന് അബ്രഹാം നഗറിൽ ക്രമീകരിച്ച രാത്രി കൂടിവരവിൽ സംബന്ധിക്കുന്നതിനും എനിക്ക് അവസരം ലഭിച്ചു.

**ദർശന പൂർത്തീകരണത്തിനായി ദക്ഷിണേന്ത്യയുടെ പങ്ക്:** വിശ്വവാണി ശുശ്രൂഷയിലൂടെ നടക്കുന്ന ഭാരത സുവിശേഷീകരണത്തിന്റെ 66% പങ്കാളിത്തവും തമിഴ്നാട്ടിലെയും കേരളത്തിലെയും സഭകളും ദൈവമക്കളും ആണെന്ന് അറിയിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. രണ്ട് സംസ്ഥാനങ്ങളിലെയും എല്ലാ സഭാ നേതൃത്വങ്ങൾക്കായും, വിശ്വാസികൾക്കായും, സ്വമേധാ പ്രതിനിധികൾക്കാ

യും, പ്രാർത്ഥനാ ഗ്രൂപ്പ് നേതൃത്വങ്ങൾക്കായും, ശുശ്രൂഷകർക്കായും പ്രത്യേകം നന്ദി അറിയിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ.

ദക്ഷിണേന്ത്യയിൽ നൂറു കണക്കിനു വർഷങ്ങൾക്കു മുമ്പ് വിതെച്ച ദൈവവചനം ഇപ്പോൾ ഫലം നൽകുന്നു. ഞങ്ങൾ കൂടുതൽ പ്രാപിക്കുകയും പൂർണ്ണമായി അനുഗ്രഹിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു. ലോകത്തിലുടനീളം അനുഗ്രഹത്തിന്റെ ഒരു നീർച്ചാൽ ആകുവാൻ പ്രതിബദ്ധതയോടെ ഞങ്ങൾ പ്രവർത്തിക്കുന്നു. നിങ്ങൾ തലമുറകളായി കർത്താവിന്റെ വേലയ്ക്കായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനാൽ നന്ദി അറിയിക്കുന്നു. ലക്ഷ്യത്തിലെത്തുന്നതിന് ദൈവമക്കളാകുന്ന നിങ്ങളുടെ പ്രാർത്ഥനയും സാമ്പത്തിക പിന്തുണയും വേഗത്തിൽ പ്രവർത്തിക്കാൻ ആഗ്രഹമുള്ള ആളുകളെയും ഞങ്ങൾക്ക് ആവശ്യമാണ് എന്ന് താഴ്മയോടെ നിങ്ങളെ അറിയിക്കുന്നു. വഞ്ചികാ സമാഹരണത്തിലൂടെയും ഗ്രാമസന്ധാരണത്തിലൂടെയും പ്രത്യേക ദാനങ്ങളിലൂടെയും ഞങ്ങളെ സഹായിക്കുന്നതിനായി തുടർന്നും കരങ്ങളെ നീട്ടിയാലും. മറ്റു വിശ്വാസികളെക്കൂടി വിശ്വവാണി ശുശ്രൂഷയെ പരിചയപ്പെടുത്തിയാലും.



ബോർഡ്, വാർഷിക ജനറൽ ബോഡി മീറ്റിംഗുകൾ: 12-07-24ൽ ഹൈദരബാദിലെ വിശ്വവാണി ഹെഡോഫീസിൽ വെച്ച് വിശ്വവാണിയുടെ അഡ്മിനിസ്ട്രേറ്റീവ്, ജനറൽ ബോഡി മീറ്റിംഗുകൾ നടത്തുവാനിടയായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ശുശ്രൂഷയുടെ വാർഷിക റിപ്പോർട്ട് ദൈവനാമ മഹത്വത്തിനായി സമർപ്പിക്കുകയുണ്ടായി. ആഡിറ്റു ചെയ്ത വരവു ചെലവു കണക്കുകൾ പാസ്സാക്കി. ശുശ്രൂഷാ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ശരിയായ ഉപദേശം അംഗങ്ങൾക്ക് നൽകി. കമ്മിറ്റി അംഗങ്ങൾ പ്രാർത്ഥനയ്ക്കും വിവിധ ശുശ്രൂഷകൾ വിലയിരുത്തുന്നതിനും സമയം ചെലവഴിച്ചു. ഈ സാമ്പത്തിക വർഷം 110 കോടിയുടെ ബഡ്ജറ്റാണ് ശുശ്രൂഷ പദ്ധിയിട്ടിരിക്കുന്നത്. വിശ്വവാണി ബോർഡിലെ എല്ലാം അംഗങ്ങളോടും വിശ്വവാണി നെറ്റ് വർക്ക് ചെയർമാൻ സെൽവരാജ് അണ്ണനോടും ഹൈദരബാദ് ഹെഡോഫീസിലെയും ചെന്നൈ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെയും പ്രവത്തകർക്കായും 9 വിഭാഗങ്ങളുടെ നേതൃത്വങ്ങൾക്കായും നന്ദി അറിയിക്കുന്നു.

**സ്വാതന്ത്ര്യം, സമൃദ്ധി, ആരോഗ്യം:** 15-08-2024ന് ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 77 വർഷം സന്തോഷത്തോടെയും നന്ദിയോടും കൂടി ഞങ്ങൾ ഓർക്കുന്നു. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനായി പ്രവർത്തിച്ച ദേശീയ നേതൃത്വങ്ങളെ ഞങ്ങൾ ഓർക്കുന്നു. വ്യത്യസ്ത ഭാഷയും സംസ്ക്കാരവും മതവിഭാഗങ്ങളുമുള്ള ജനങ്ങൾ ഐശ്വര്യത്തിലും ഐക്യത്തിലും ജീവിക്കാൻ നമുക്കൊരുമിച്ചു പ്രവർത്തിക്കാം. ഇന്ത്യൻ പതാക ഉയരത്തിൽ പറക്കട്ടെ! നമ്മുടെ പ്രാർത്ഥനയിൽ നമ്മുടെ രാഷ്ട്രത്തിലെ എല്ലാ നേതാക്കളെയും നമുക്ക് പിന്തുണയ്ക്കാം.

നാണത്തിനുപകരം നിങ്ങൾക്കു ഇരട്ടിയായി പ്രതിഫലം കിട്ടും; ലജ്ജെക്കു പകരം അവർ തങ്ങളുടെ ഓഹരിയിൽ സന്തോഷിക്കും; അങ്ങനെ അവർ തങ്ങളുടെ ദേശത്തു ഇരട്ടി അവകാശം പ്രാപിക്കും; നിത്യാനന്ദം അവർക്കു ഉണ്ടാകും (യെശ:61:7).

**ചെന്നൈ** **കർത്തൃശുശ്രൂഷയിൽ**

**15-07-24** **റവ.ഡോ.വിൽസൺ ജ്ഞാനകുമാർ**

# സുവിശേഷം അറിയുന്നവർ അത് ഘോഷിക്കാൻ ലജ്ജിക്കുന്നില്ല ഘോഷിക്കുന്നതിനാൽ അവർ ലജ്ജിക്കപ്പെടുന്നില്ല!

പ്രിയരേ, ഒന്നാമത്തെ ചോദ്യം: നിങ്ങൾക്ക് യേശുവിനെ അറിയാമോ?
യേശുവിനെ അറിയുന്നത് ബുദ്ധികൊണ്ടല്ല, ഹൃദയം കൊണ്ടാണ്!

ഒരു ഭാര്യയുടെയും ഭർത്താവിന്റെയും കാര്യത്തിൽ
അവർ പരസ്പരം അറിയുന്നത്
ബുദ്ധികൊണ്ടല്ല ഹൃദയം കൊണ്ടാണ്!
ഹൃദയം പരസ്പരം അറിയുമ്പോൾ
അവർക്കിടയിൽ സ്നേഹം കവിഞ്ഞൊഴുകുന്നു!
അവർ ചോദ്യം ചെയ്യാതെ ബഹുദൂരം യാത്ര ചെയ്യുന്നു!

യോഹ:21:15-17 ൽ യേശു ചോദിക്കുന്നു
യോഹന്നാന്റെ മകനായ ശീമോനെ,
നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?
എന്ന ചോദ്യം ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നു!
നമുക്ക് യേശുവിനോട് അഗാധമായ സ്നേഹം ഉള്ളപ്പോൾ
അതിരുകളില്ലാത്ത സ്നേഹം തിളച്ചു പൊങ്ങും!

അങ്ങനെയുള്ളവർ യേശുവിനെ അളവുകൂടാതെ സേവിക്കും!
അവർ അവനുമായി സംസാരിക്കുകയും
സ്തോത്രയാഗങ്ങൾ അർപ്പിക്കുകയും ചെയ്യും
സമയം അനുവദിച്ചാലും ഇല്ലെങ്കിലും,
അവർ യേശുവിനെ ഘോഷിക്കും!
എല്ലാവരും രക്ഷിക്കപ്പെടണമെന്ന് അവർ ആഗ്രഹിക്കുന്നു
കാരണം അവരുടെ സ്നേഹം ഹൃദയത്തിൽ നിന്നുള്ളതാണ്
അവർ മരണത്തിനു വിധിച്ചിരിക്കുന്നവരെ
മോചിപ്പിക്കുന്ന യോദ്ധാക്കളായിരിക്കും
കൊല്ലപ്പെടേണ്ടവരെ രക്ഷിക്കുകയും ചെയ്യും!

പ്രിയരേ,
യേശുവിനെ വെളിപ്പെടുത്താൻ ആരാണ് ലജ്ജിക്കുന്നത്?
തങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ യേശുവിന്റെ കാൽക്കൽ
വസിക്കാത്തവർ!
യേശുവിനെ പ്രഘോഷിക്കുന്നതിൽ ആരാണ് പരാജയപ്പെടുന്നത്?

ഒരു പാപിയാണെന്ന് അവരുടെ മനസാക്ഷിയിൽ കുത്തുന്നവർ!

യേശുവിന്റെ രക്തം നമ്മുടെ സകല പാപവും പോക്കി നമ്മെ
ശുദ്ധീകരിക്കുമ്പോൾ, യേശുവിന്റെ നാമം ഉച്ചത്തിൽ ഘോഷിക്കും!

പൂർണ്ണഹൃദയത്തോടെ യേശുവിനെ ആരാണ് സ്നേഹിക്കുന്നത്?
തങ്ങളുടെ പാപങ്ങൾ മോചിക്കപ്പെട്ടു എന്ന ഉറപ്പ് ലഭിച്ചവർ
അവർ ലജ്ജിക്കയില്ല!
അവർ ദൈവത്തിൽ നിന്നും പ്രാപിച്ച നന്മകൾ മറക്കുകയില്ല!
ഞാൻ നിന്റെ നീതിയെ എന്റെ ഹൃദയത്തിൽ മറച്ചുവെച്ചില്ല;
നിന്റെ വിശ്വസ്തതയും രക്ഷയും ഞാൻ പ്രസ്താവിച്ചു;
നിന്റെ ദയയും സത്യവും ഞാൻ മഹാസഭെക്കു മറെച്ചതുമില്ല- സങ്കീ:40:10.

* ദൈവത്തെ സ്വീകരിക്കുന്നവർ എങ്ങനെയാണ് അവനെ വിടാതിരിക്കുന്നത്?
അവർ എങ്ങനെയാണ് അധരങ്ങളെ തുറക്കാതിരിക്കുന്നത്?

* ആളുകൾ എല്ലാത്തിനും കള്ളം പറയുന്ന ഈ ലോകത്തിൽ
സത്യം അറിയുകയും, സത്യത്തെ സ്നേഹിക്കുന്നവനെ സ്നേഹിക്കുകയും ചെയ്യുന്ന യേശുവിനെ ആളുകൾ ഏറ്റുപറയാൻ എങ്ങനെ ലജ്ജിക്കും?

* ലോകത്തിന്റെ പാട്ടുകൾ പാടാൻ ലോകം ലജ്ജിക്കാത്തപ്പോൾ,
പുതിയ പാട്ട് വായിൽ സ്വീകരിച്ച ആളുകൾക്ക് യേശുവിനെ സ്തുതിക്കുന്ന പാട്ടുകൾ പാടാൻ എങ്ങനെ ലജ്ജിക്കും?

* വസ്തുക്കൾ അല്ലെങ്കിൽ ആളുകൾക്ക് മുന്നിൽ തലകുനിക്കാൻ
ആളുകൾ ലജ്ജിക്കാത്തപ്പോൾ,
തങ്ങൾക്കു ജീവൻ നൽകിയവനെ അറിയുന്ന ആളുകൾ മറ്റുള്ളവരെ
യേശുവിങ്കലേക്ക് ക്ഷണിക്കാൻ എങ്ങനെ ലജ്ജിക്കും?

* മനുഷ്യശബ്ദത്തിനു മുന്നിൽ മുഖം മറയ്ക്കാൻ ലജ്ജിക്കാത്തവർ,
ഇത് മനുഷ്യ ശബ്ദമല്ല ദൈവത്തിന്റെ ശബ്ദമാണെന്ന് വിളിച്ചു പറഞ്ഞു!

* ഹൃദയത്തെ കളങ്കപ്പെടുത്തുന്ന
കഥകളും ചിത്രങ്ങളും ഉള്ള പുസ്തകങ്ങൾ
വിൽക്കാൻ ആളുകൾക്ക് ലജ്ജയില്ല,
ഹൃദയത്തെ മാറ്റിമറിക്കുന്ന വിശുദ്ധ ബൈബിൾ വിതരണം ചെയ്യാൻ
വിശ്വാസികൾ എങ്ങനെ ലജ്ജിക്കും?

* ദാഗോൻ വീണ്ടും വീണ്ടും കവിണ്ണുവീണെങ്കിലും
ദാഗോന്റെ മുമ്പിൽ കുമ്പിടാൻ ആളുകൾ ലജ്ജിച്ചില്ല!
സകല മനുഷ്യരും ജീവിക്കേണ്ടതിന്
ക്രൂശിൽ തലവെച്ച രക്ഷകന്റെ സുവിശേഷം
ഘോഷിക്കാൻ മനുഷ്യർ എങ്ങനെ ലജ്ജിക്കും?

* സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല (റോമ:1:16)
എന്നു പറഞ്ഞ പൗലോസിനോടൊപ്പം താങ്കൾ നിൽക്കുന്നുവോ?

* ഈ ലോകത്തിൽ സത്യം ഘോഷിക്കുന്ന ആളുകളുടെ
നിരയിൽ താങ്കൾ നിൽക്കുന്നുവോ?

* എന്റെ വായ് ഇടവിടാതെ നിന്റെ നീതിയെയും രക്ഷയെയും വർണ്ണിക്കും;
അവയുടെ സംഖ്യ എനിക്കു അറിഞ്ഞുകൂടാ(സങ്കീ:71:15)
എന്നു പറയുന്ന ലക്ഷക്കണക്കിനു വിശ്വാസികളോടൊപ്പം
താങ്കൾ നിൽക്കുന്നുവോ?
സുവിശേഷ വേലക്കാരുടെ ആവശ്യ സമയത്ത്
ലജ്ജയും ഭയവും കൂടാതെ കരങ്ങളെ നീട്ടുന്നവരിൽ
ഒരാളാണോ നിങ്ങൾ?
എന്റെ ചങ്ങലയിൽ അവൻ ലജ്ജിച്ചില്ല(2 തിമോ:1:17) എന്ന്
പൗലോസ് എഴുതിയ ഒനേസിഫൊരൊസിനെപ്പോലെ,
നിങ്ങൾ അതെ എന്നു പറയുകയാണെങ്കിൽ
ഞാൻ നിങ്ങളോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു,
നിങ്ങൾ ലജ്ജിക്കയില്ല!
നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം
ഘോഷിക്കുന്നവരെയല്ലേ ദൈവത്തിന്റെ ജനം എന്നു വിളിക്കുന്നത്?
എന്റെ ജനം ഒരു നാളും ലജ്ജിച്ചു പോകയില്ല(യോവേ:2:26)
അത് അവർക്കുള്ളതല്ലേ?
അനേകം പ്രശ്നങ്ങൾ അവരുടെ വ്യക്തി ജീവിതത്തിലും,
കുടുംബ ജീവിതത്തിലും, സാമ്പത്തീകത്തിലും വന്നാലും
അവർ ലജ്ജിച്ചു പോകയില്ല!
പാപവും അതിക്രമവും വർദ്ധിച്ചു വരുന്ന ഈ ലോകത്തിൽ
പരിശുദ്ധനെ ഘോഷിക്കാൻ ലജ്ജിക്കാത്ത ഒരാളാണ് നിങ്ങളെങ്കിൽ
ഈ ലോകത്തിൽ നിങ്ങൾ ലജ്ജിക്കയില്ല!
മരണത്തിന്റെ വഴിയിലൂടെ നടന്നാലും,
ഒരു ദിവസം ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടാലും,
നീ ലജ്ജിക്കയില്ല!
ഒരു ദിവസം, രാജാധി രാജാവ് വീണ്ടും വരും,
അതേ, കർത്താവായ യേശുക്രിസ്തു രണ്ടാമത് വരുമ്പോൾ
നീ ലജ്ജിച്ചു പോകയില്ല!(മർക്കോ:8:38)
പ്രിയരേ,
യേശുക്രിസ്തുവിന്റെ സുവിശേഷത്തെ നിങ്ങൾ എത്രത്തോളം
ഉയർത്തുകയും ഘോഷിക്കുകയും ചെയ്യുന്നുവോ,
അത്രത്തോളം നിങ്ങളുടെ പേരും സ്വർഗ്ഗത്തിൽ ഉച്ചത്തിൽ വായിക്കും!
ഏതെങ്കിലും കാര്യത്തിലോ മനുഷ്യരുടെ മുമ്പിലോ
ഈ ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലും
നിങ്ങൾ ലജ്ജിക്കയില്ല!(മത്താ:10:32).
അതിനാൽ, ലജ്ജയും ഭയവും കൂടാതെ അഗ്രിപ്പാ രാജാവിന്റെ മുമ്പാകെ യേശുക്രിസ്തുവിന്റെ സുവിശേഷം പ്രഖ്യാപിച്ച വിശുദ്ധ പൗലോസിനെപ്പോലെ,

ലജ്ജയോ, മനുഷ്യരെയുള്ള ഭയമോ കൂടാതെ യേശുക്രിസ്തുവിനെ
വെളിപ്പെടുത്താൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു!
ഞാൻ ലജ്ജിക്കാതെ രാജാക്കന്മാരുടെ മുമ്പിലും
നിന്റെ സാക്ഷ്യങ്ങളെക്കുറിച്ചു സംസാരിക്കും(സങ്കീ:119:46)
എന്ന് പറഞ്ഞ ദാവീദ് രാജാവിനെപ്പോലെ
യേശുക്രിസ്തുവിന്റെ സുവിശേഷം ഘോഷിക്ക!
അപ്പോൾ, ആളുകൾ സഭയോടു ചേരും!
കുളങ്ങൾ സ്നാനക്കുളങ്ങളായി മാറും!
നദികൾ യോർദ്ദാൻ നദിയായി മാറും!
നിന്നിലൂടെ,
ജീവന്റെ പുസ്തകത്തിൽ അനേകം പേജുകൾ നിറയപ്പെടും!
സ്വർഗ്ഗത്തിൽ ദൂതന്മാരുടെ മുമ്പാകെ സന്തോഷവും ആർപ്പും ഉണ്ടാകും!
പ്രിയ സഹോദരാ, സഹോദരീ,
സുവിശേഷം ഘോഷിക്കുവാൻ നിങ്ങൾ പരാജയപ്പെടുകയോ,
ലജ്ജിച്ചിട്ട് ഇന്നോളം മാറി നിൽക്കുകയോ ആയിരുന്നെങ്കിൽ,
ഇപ്പോൾ മുട്ടുകുത്തുക!
പരിശുദ്ധാത്മാവ് നിങ്ങളുടെ സംശയങ്ങളും, ലജ്ജയും,
ഉൾഭയവും എല്ലാം എടുത്തു മാറ്റും!
നിങ്ങൾ കപ്പലിന്റെ അടിത്തട്ടിലെ യോനയെപ്പോലെയാണെങ്കിൽ
അവൻ നിങ്ങളെ മാളിക മുറിയിലെ പത്രോസാക്കി മാറ്റും!
നിങ്ങൾ അന്ധകാര ശക്തിക്കെതിരെ പോരാടുന്ന ഒരു പോരാളിയായിത്തീരും!
നിങ്ങൾ യഥാർത്ഥ ശിഷ്യന്മാരായാൽ,
നിങ്ങൾ പോകുന്നിടത്തെല്ലാം നിങ്ങൾക്ക് സമാധാനപാത്രങ്ങൾ ലഭിക്കും!
ഒരു സംഘടനയുടെയോ സഭയുടെയോ നേതാക്കളാകാനും
ലോകത്തെ മാറ്റിമറിച്ച അപ്പോസ്തൊലന്മാരാകാനുമുള്ള വിനയവും
കഴിവുകളും നിങ്ങൾക്കു നൽകപ്പെടും!
നിങ്ങളുടെ ഹൃദയത്തിലും ഭവനത്തിലും സുവിശേഷ കാഹളം
എപ്പോഴും മുഴങ്ങും!
ക്രിസ്തുവിന്റെ സ്നേഹം നിങ്ങളെ നിരന്തരം പ്രചോദിപ്പിക്കും!
ഈ വർഷം ഇന്ത്യയിലെ 6 ലക്ഷം ഗ്രാമങ്ങളിൽ ഒരു ഗ്രാമത്തിലെങ്കിലും
സുവിശേഷ വിളക്ക് തെളിയും. ഒരു സഭ രൂപീകരിക്കപ്പെടും! ആമേൻ!


കൂടുതൽ വിവരങ്ങൾക്ക്:

State Office, Vishwavani
St.Mary's Sunoura Church Lane
2nd Left, House No-26-Upstair
Near Elakulam Metro Station
Elamkulam-682020, Mob-9447251358

Vishwavani
Manjadi P.O, Thiruvalla -5
0469 2633165, 9446351358
www.vishwavani.org
vishwavanikerala@gmail.com

# ഒരു പ്രാർത്ഥന

പരിശുദ്ധ ദൈവമേ,
അങ്ങയെ ആരാധിക്കുന്നതിനും സ്തുതിക്കുന്നതിനും ഞങ്ങളെ മനുഷ്യരായി സൃഷ്ടിച്ചു, എന്നാൽ ഞങ്ങൾ ഏദെൻ തോട്ടം നശിപ്പിച്ചു
അന്നുമുതൽ, ഞങ്ങളുടെ ശരീരവും, ആരോഗ്യവും, അവസരങ്ങളും ഞങ്ങൾ നശിപ്പിച്ചു കൊണ്ടിരിക്കുന്നു!
മാനസാന്തരപ്പെടാൻ ആഗ്രഹമുണ്ടെങ്കിലും, ഞങ്ങൾക്ക് അതിനു കഴിയുന്നില്ല. ഞങ്ങൾ കഠിനമായി ഞങ്ങളെത്തന്നെ ശിക്ഷിച്ചിട്ടും,
ഞങ്ങളുടെ മനസ്സ് മോശമായ ചിന്തകളാൽ നിറഞ്ഞിരിക്കുന്നു,
മാത്രമല്ല മനസ്സിനെ ഏകാഗ്രമാക്കാൻ കഴിയുന്നില്ല!
കോപം കുമിളകൾപോലെ, അവിടെ ഐക്യത ഇല്ല!
ചീത്ത ശീലങ്ങൾ ശരീരത്തിന്റെ ആരോഗ്യത്തെ നശിപ്പിച്ചു!
ഞങ്ങളുടെ സൃഷ്ടിതാവേ, അങ്ങയ്ക്കു മാത്രമേ ഞങ്ങളെ രൂപാന്തരപ്പെടുത്താൻ കഴിയൂ!
പിതാവേ, കാൽവറി ക്രൂശിലൂടെ ഞങ്ങൾ ഞങ്ങളുടെ രക്ഷകനെ കാണുന്നു. ഞങ്ങളെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും, മരണത്തിൽ നിന്നും, സാത്താനിൽ നിന്നും വിടുവിച്ച സ്വർഗ്ഗീയ രക്ഷകനെ ഞങ്ങൾ സ്വീകരിക്കുന്നു!
അവനിലൂടെ നമ്മുടെ മനസ്സ് പുതുക്കപ്പെട്ടതായി ഞങ്ങൾ മനസ്സിലാക്കുന്നു. ജഡം, ലോകം, സാത്താൻ എന്നിവയ്ക്ക് മേൽ യേശുവിന്റെ നാമത്തിലുള്ള വിജയക്കൊടി ഉയർത്തുവാനുള്ള കൃപ നാം കാണുന്നു!
കൊയ്ത്തിന്റെ യജമാനനായ പിതാവേ, ആവശ്യമുള്ള എല്ലാവർക്കും
ക്രൂശിന്റെ അനുഗ്രഹം പ്രഘോഷിക്കുവാൻ
ഞങ്ങളുടെ ഇനിയുള്ള ദിനങ്ങൾ സമർപ്പിക്കട്ടെ!
എല്ലാ നഗരങ്ങളും ഗ്രാമങ്ങളും യേശുവിനെ കാണുകയും ജീവിക്കുകയും ചെയ്യട്ടെ. രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവേ, **ആമേൻ**

## കേരള സ്റ്റേറ്റ് മീറ്റ്-2024

### സ്ഥലം: ആശിർ ഭവൻ, കച്ചേരിപ്പടി, എറണാകുളം

### തിയതി: 2024 ആഗസ്റ്റ് 26 തിങ്കൾ മുതൽ 28 ബുധൻവരെ

കർത്താവിൽ പ്രിയരേ,
ദൈവഹിതമായാൽ 2024 ആഗസ്റ്റ് മാസം 26,27,28 തീയതികളിൽ ആശിർ ഭവൻ, എറണാകുളത്തുവച്ച് കേരള സ്റ്റേറ്റ് മീറ്റ് 2024 നടത്തുവാൻ പ്രാർത്ഥിച്ചു തീരുമാനിച്ചിരിക്കുന്നു. വടക്കെ ഇന്ത്യയിൽ ശുശ്രൂഷ ചെയ്യുന്ന 25 മിഷനറിമാർ പ്രസ്തുത മീറ്റിംഗിൽ കടന്നു വന്ന് സംബന്ധിക്കുന്നു. റൈറ്റ്.റവ.വി.എസ്.ഫ്രാൻസിസ്(ബിഷപ്പ് സി.എസ്.ഐ.ഈസ്റ്റ് കേരള ഡയോസിസ്), റവ.ഷാജി തോമസ ചാത്തന്നൂർ(സെന്റ്പോൾസ് മാർത്തോമ്മ ചർച്ച്, പുതുപ്പള്ളി), സഹോ.പി.സെൽവരാജ്(ചെയർമാൻ, വിശ്വവാണി), റവ.ഡോ.വിൽസൺ ജ്ഞാനകുമാർ(എക്സി.ഡയറക്ടർ, വിശ്വവാണി), സഹോ.ബിജു വർഗീസ്(കേരള സ്റ്റേറ്റ് കോഓർഡിനേറ്റർ), സഹോ.ജോസഫ്.വി.എ(സൗത്ത് കേരള ഏരിയ കോഓർഡിനേറ്റർ) എന്നീ കർത്തൃദാസന്മാർ സന്ദേശങ്ങൾ പങ്കുവെയ്ക്കുന്നു. രജിസ്ട്രേഷൻ ഫോറം ഏരിയ പ്രവർത്തകരുടെ പക്കൽ നിന്നും ലഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് ആഗസ്റ്റ് 15നു മുമ്പായി ഏരിയ പ്രവർത്തകരെയോ ഏരിയ പ്രതിനിധികളെയോ ഏല്പിക്കേണ്ടതാണ്. പ്രാർത്ഥനാപൂർവ്വം താങ്കൾ കുടുംബമായി കടന്നു വന്ന് സംബന്ധിച്ചാലും.
കൂടുതൽ വിവരങ്ങൾക്ക്: 9447251358(ബിജു വർഗീസ്), 9447923767(ജോസഫ്.വി.എ), 9446161770(രാജൻ.വി.പോൾ), 9645163456(ഗ്ലാഡ്സൺ)

# കേരളത്തിൽ നിന്നും.....

**സഹോ.ബിജു വർഗീസ്, സ്റ്റേറ്റ് കോഓർഡിനേറ്റർ**

ദൈവത്തിന്റെ പരിശുദ്ധനാമം വാഴ്ത്തപ്പെടുമാറാകട്ടെ.

എല്ലാ ശുശ്രൂഷാ സഹകാരികൾക്കും യേശുക്രിസ്തുവിന്റെ ഇമ്പനാമത്തിൽ സ്നേഹവന്ദനം.

സംഭവ ബഹുലമായ ഒരു മാസം കൂടി ദൈവത്തിന്റെ കരുതൽ ശുശ്രൂഷയിലും നമ്മുടെ കുടുംബങ്ങളിലും അനുഭവിപ്പാൻ ഇടയായല്ലോ. നമ്മുടെ കാലിനെ വീഴ്ചയിൽ നിന്നും കണ്ണിനെ കണ്ണീരിൽ നിന്നും പ്രാണനെ മരണത്തിൽ നിന്നും വിടുവിച്ച് നമ്മെ ജയത്തോടെ നടത്തിയതിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. തുടർച്ചയായുള്ള കാലവർഷം പലമേഖലകളിലും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും മരണവും മറ്റ് നാശനഷ്ടങ്ങളും സൃഷ്ടിച്ചു. പ്രകൃതി ദുരന്തങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തെ ദൈവം സരക്ഷിക്കേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം. ജൂലൈ മാസം പ്രാർത്ഥനാ മാസമായി വിശ്വവാണി വേർതിരിച്ചിരിക്കയായിരുന്നല്ലോ. ഓരോ ദിവസവും വിലയേറിയ സമയം വേർതിരിച്ച് ഭാരതത്തിന്റെ ഓരോ സംസ്ഥാനങ്ങൾക്കുവേണ്ടി ആത്മഭാരത്തോടെയും പ്രതിബദ്ധതയോടെയും പ്രാർത്ഥിച്ച എല്ലാ ദൈവമക്കളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. ഭാരതം സുവിശേഷീകരിക്കപ്പെടുന്നതിന് നമ്മുടെ പ്രാർത്ഥന ഒരു മുഖാന്തരമാകട്ടെ!

സുവിശേഷം അറിഞ്ഞവർ ലജ്ജിക്കയോ ലജ്ജിക്കപ്പെടുകയോ ചെയ്യില്ല എന്ന തലക്കെട്ടോടെ ആഗസ്റ്റ് മാസം സമർപ്പൺ മാസിക പ്രസിദ്ധീകരിക്കുവാൻ ദൈവം ഞങ്ങളെ സഹായിച്ചു. ഈ ലക്കത്തിലെ ലേഖനങ്ങളും പംക്തികളും ഏവർക്കും അനുഗ്രഹമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. മാസികയെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാൻ താല്പര്യപ്പെടുന്നു. മാസിക എല്ലാ മാസവും കൃത്യമായി ലഭിക്കുന്നില്ല എങ്കിലും മേൽവിലാസത്തിൽ മാറ്റം വന്നിട്ടുണ്ടെങ്കിലും വിവരം ഓഫീസിൽ അറിയിച്ചാലും.

അപ്പോസ്തൊലനായ പൗലോസ് റോമ:1:16ൽ സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല എന്നു പറയുന്നതായി നാം വായിക്കുന്നു. നമ്മിൽ പലരും സുവിശേഷം മറ്റുള്ളവരോട് പങ്കുവെയ്ക്കാൻ ഭയപ്പെടുന്നു. ഈ ഭയം ലജ്ജയിൽ നിന്നുളവാകുന്നതാണ്. അങ്ങനെയെങ്കിൽ സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കാതിരിക്കാൻ നാം പഠിക്കേണ്ടതുണ്ട്. ആദ്യകാല അപ്പോസ്തൊലന്മാർ അവർ പോകുന്നിടത്തെല്ലാം സുവിശേഷം പങ്കുവെച്ചു. കാരണം അവർക്ക് സുവിശേഷത്തെക്കുറിച്ച് ലജ്ജയില്ലാത്തതിനാൽ അവർ ഒന്നിനെയും ഭയപ്പെട്ടില്ല.

**എന്തുകൊണ്ടാണ് പൗലോസ് സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കാതിരുന്നത്?**

ഒന്നാമതായി, എല്ലാവരോടും സുവിശേഷം ഘോഷിക്കാൻ താൻ ബാധ്യസ്ഥനാണെന്ന് പൗലോസിന് ബോധ്യമുണ്ടായിരുന്നു. സുവിശേഷ ഘോഷണം ദൈവത്തിന്റെ കല്പനയാണ്. അത് അനുസരിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. ഇത് മനസ്സിലാക്കിയ പൗലോസ് സുവിശേഷം ഘോഷിക്കാൻ താൻ ബാധ്യസ്ഥനാണെന്ന് തിരിച്ചറിയുന്നു. റോമ:1:14 ൽ യവ

നന്മാർക്കും ബർബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു എന്ന് പൗലോസ് റോമിലെ ജനങ്ങളോട് പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത്. തുടർന്ന് 15-ാം വാക്യത്തിൽ, അതിനാൽ സുവിശേഷം പ്രസംഗിക്കാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു എന്ന് പൗലോസ് പറയുന്നു. ഈ ഒരുക്കം തന്റെ കടപ്പാടിൽ നിന്നാണ് വന്നത്. പിന്നീട് 16-ാം വാക്യത്തിൽ സുവിശേഷത്തിൽ താൻ ലജ്ജിക്കുന്നില്ല എന്ന് വ്യക്തമായി റോമക്കാരോടു പറയുന്നതായി നാം വായിക്കുന്നു.

രണ്ടാമതായി, സുവിശേഷം രക്ഷയ്ക്കുള്ള ദൈവത്തിന്റെ ശക്തിയാണ് എന്ന് പൗലോസിന് അറിയാമായിരുന്നു. അതുകൊണ്ടാണ് പൗലോസ് സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കാതിരുന്നത്. കാരണം അതിൽ ദൈവത്തിന്റെ നീതി വെളിപ്പെടുന്നു(വാക്യം17). സുവിശേഷത്തിനു ശക്തിയുണ്ട്. അത് ദൈവത്തിന്റെ ശക്തിയാണ്. സുവിശേഷം അനേകരുടെ ജീവിതങ്ങളെ മാറ്റിമറിയ്ക്കുന്നു. വിശ്വസിക്കുന്ന എല്ലാവരുടെയും രക്ഷയ്ക്കുള്ള ദൈവത്തിന്റെ ശക്തിയാണെന്ന് പൗലോസിന് അറിയാമായിരുന്നു. അതുകൊണ്ടാണ് പൗലോസ് സുവിശേഷത്തെക്കുറിച്ച് ഞാൻ ലജ്ജിക്കുന്നില്ല എന്നു പറഞ്ഞത്.

സുവിശേഷം ഘോഷണം നമ്മുടെ ഓരോരുത്തരുടെയും കടമയും അനേകരുടെ രക്ഷയ്ക്കുള്ള ദൈവത്തിന്റെ ശക്തിയുമാകയാൽ നമുക്കും പൗലോസിനെപ്പോലെ സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല എന്ന് ധൈര്യത്തോടെ പറയാം. സുവിശേഷം അറിഞ്ഞ പൗലോസ് ലജ്ജിക്കയോ ലജ്ജിക്കപ്പെടുകയോ ചെയ്തില്ല. സുവിശേഷം അറിഞ്ഞ നാം സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കരുത്. ലജ്ജിക്കാത്ത സാക്ഷികളായി നിലകൊള്ളുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

വിശ്വവാണി ശുശ്രൂഷ വളരെ ഭംഗിയായി നടക്കുന്നു. ദൈവകൃപയാൽ 4737 മിഷനറിമാരിലൂടെ ഭാരതത്തിലെ 10,500 ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുവാൻ ഇടയായി. കഴിഞ്ഞ സാമ്പത്തിക വർഷം ആവശ്യത്തിലിരുന്ന 85 ഗ്രാമങ്ങളിൽ ആരാധനാലയം നിർമ്മിച്ചു നൽകുവാൻ ദൈവം സഹായിച്ചു. വിവിധ ഗ്രാമങ്ങളിലായി 137 ആരാധനാലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരളത്തിലെ ദൈവമക്കളുടെ സഹായത്താൽ മധ്യപ്രദേശിലെ ഗോട്ടേഗാവ് ഗ്രാമത്തിൽ ആരാധനാലയത്തിന് ആവശ്യമായ സ്ഥലം വാങ്ങി രജിസ്റ്റർ ചെയ്യുവാൻ ദൈവം സഹായിച്ചു. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ പ്രാർത്ഥിച്ചാലും. കേരളത്തിലെ ദൈവമക്കളുടെ സഹായത്താൽ അവിടെ ആരാധനാലയം ഉയരുവാൻ ഞങ്ങൾ ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നു. നമ്മുടെ നല്ല ആഗ്രഹങ്ങളെ ദൈവം മാനിക്കട്ടെ!

കേരളത്തിലെ ശുശ്രൂഷകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. ജൂലൈ മാസം 26,27,28 തീയതികളിൽ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ മിഷനറി മീറ്റിംഗുകൾ ക്രമീകരിക്കുവാൻ ഇടയായി. മധ്യപ്രദേശ് സംസ്ഥാനത്തിൽ നിന്നും 2 മിഷനറിമാർ ആ മീറ്റിംഗുകളിൽ സംബന്ധിച്ചു. മീറ്റിംഗുകളുടെ അനുഗ്രഹത്തിനായി പ്രവർത്തിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ പ്രിയപ്പെട്ടവരോടും മീറ്റിംഗുകൾ നടത്തുവാൻ ഹാളുകളും ആരാധനാലയങ്ങളും അനുവദിച്ചു തന്ന സഭാ നേതൃത്വങ്ങളോടും കമ്മിറ്റി അംഗങ്ങളോടുമുള്ള നന്ദി അറിയി

ക്കുന്നു. കൂടാതെ ജൂലൈ 29, 30, 31, ആഗസ്റ്റ് 1 എന്നീ തീയതികളിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ കോട്ടേജ് മീറ്റിംഗുകൾ ക്രമീകരിക്കുന്നതിനും ഇടയായി. ഈ മീറ്റിംഗുകളിലും മിഷനറിമാരുടെ സാന്നിധ്യം വളരെ അനുഗ്രഹകരമായിരുന്നു. കോട്ടേജ് മീറ്റിംഗുകൾ നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തു തന്ന വ്യക്തികളോടും കുടുംബങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. മിഷനറി മീറ്റിംഗുകളുടെ അനുഗ്രഹത്തിനായി സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. കോവിഡിനുശേഷം സ്റ്റേറ്റ് മീറ്റിംഗ് നടത്തുവാനായി നമുക്ക് സാധിച്ചില്ല. ഞങ്ങളുടെ വളരെ നാളത്തെ പ്രാർത്ഥനയുടെ ഫലമായി ആഗസ്റ്റ് മാസം 26,27,28 തീയതികളിൽ ആശീർ ഭവൻ, എറണാകുളത്ത് വെച്ച് കേരള സ്റ്റേറ്റ് മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ മീറ്റിംഗിൽ ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും 25 മിഷനറിമാർ കടന്നു വന്ന് സംബന്ധിക്കുന്നു. മീറ്റിംഗിന്റെ നടത്തിപ്പിനായി പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്താലും. കൂടാതെ പ്രസ്തുത മീറ്റിംഗിൽ കേരളത്തിലെ ദൈവമക്കളുടെ സാന്നിധ്യം സാദരം ക്ഷണിച്ചു കൊള്ളുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

തുടർന്നും സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കാതെ നമ്മുടെ ഉത്തരവാദിത്തമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഭാരത സുവിശേഷീകരണത്തിനു ചുമൽ നൽകാം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിനായി നമ്മെ സഹായിക്കട്ടെ.

## അനുശോചനം

ദീർഘനാളുകളായി വിശ്വവാണി ശുശ്രൂഷയ്ക്കായി പ്രാർത്ഥിക്കുകയും ഒരു ഗ്രാമത്തിന്റെ സുവിശേഷപ്രവർത്തനം ഏറ്റെടുക്കുകയും താൻ ലീഡറായിരുന്ന ആലങ്ങാട് പ്രയർ ഫെലോഷിപ്പിൽ വിശ്വവാണി ശുശ്രൂഷയെ പരിചയപ്പെടുത്തുകയും ചെയ്ത ആലങ്ങാട് ചീരുങ്കൽ വീട്ടിൽ പ്രിയപ്പെട്ട സി.പി.ജോസ് സാർ(77) ജൂലൈ മാസം 4-ാം തീയതി താൻ പ്രിയംവച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. സാറിന്റെ ധന്യമായ ജീവിതത്തിനായി സ്തോത്രം ചെയ്യുന്നു. സാറിലൂടെ വിശ്വവാണിയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന എല്ലാ സഹായങ്ങളെയും ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. സാറിന്റെ കുടുംബത്തിനായും ആലങ്ങാട് പ്രയർ ഫെലോഷിപ്പിലെ അംഗങ്ങൾക്കായും ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്നു. സാറിന്റെ വേർപാടിൽ ദുഃഖിക്കുന്ന ഭാര്യയെയും മക്കളെയും കുടുംബാംഗങ്ങളെയും മറ്റു പ്രിയപ്പെട്ടവരെയും ദൈവം ആശ്വസിപ്പിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. വിശ്വവാണി കുടുംബത്തിന്റെ പ്രാർത്ഥനകളും അനുശോചനവും അറിയിക്കുന്നു.

ദീർഘനാളുകളായി വിശ്വവാണി ശുശ്രൂഷയുടെ ഒരു വഞ്ചിക സഹകാരിയായി ശുശ്രൂഷയെ സഹായിച്ചുകൊണ്ടിരുന്ന തിരുവല്ല, കാരയ്ക്കൽ കാട്ടുപറമ്പിൽ മറിയാമ്മ എബ്രഹാം(77) ജൂലൈ മാസം 16 ന് നിത്യതയിൽ ചേർക്കപ്പെട്ടു. തന്റെ കുടുംബത്തിൽ നിന്നും ശുശ്രൂഷയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ കൈത്താങ്ങലുകളെയും നന്ദിയോടെ ഞങ്ങൾ ഓർക്കുന്നു. പ്രിയ മാതാവിന്റെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന മക്കളെയും കുടുംബങ്ങളെയും മറ്റു പ്രിയപ്പെട്ടവരെയും സർവ്വശക്തൻ ബലപ്പെടുത്തട്ടെ എന്നു പ്രാർത്ഥിക്കുന്നതോടൊപ്പം വിശ്വവാണി കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.




# സുവിശേഷത്തിൽ നിന്നുള്ള സന്തോഷത്തിനായി സൃഷ്ടിതാവിനെ സ്തുതിക്കുക!

11 പേരടങ്ങുന്ന ഒരു സംഘം വിശാഖപട്ടണത്തെ അറക്കു വാലിയിലെ ബൊഡ്ലഗൊണ്ടി വയലിൽ നിർമ്മിച്ച ആരാധനാലയത്തിന്റെ സമർപ്പണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനായി പോയി. വിശാഖപട്ടണത്തു നിന്ന് മലനിരകളിലൂടെയുള്ള അവിസ്മരണീയമായ ട്രെയിൻ യാത്രയായിരുന്നു അത്. ബ്രിട്ടീഷുകാരുടെ കാലത്ത് കുഴിച്ച തുരങ്കങ്ങളും, എവിടെ തിരിഞ്ഞു നോക്കിയാലും ഏദെൻ തോട്ടത്തെ ഓർമ്മപ്പെടുത്തുന്ന പച്ചിപ്പും ഉണ്ടായിരുന്നു. താഴ്‌വരകൾക്കും, വെള്ളച്ചാട്ടങ്ങൾക്കും. തേക്ക്, യൂക്കാലിപ്റ്റസ് മരങ്ങൾക്കും നടുവിലായിരുന്നു ഞങ്ങൾ. താഴ്‌വരയിലെ നേരിയ ചാറ്റൽ മഴ ഞങ്ങളെ സ്വീകരിച്ചു.

അരക്കു വാലിയിൽ നിന്ന് 2 മണിക്കൂറിലധികം യാത്ര ചെയ്ത് ഞങ്ങൾ ഒഡീഷയിലെ വയലിലെത്തി. ദൂരെ നിന്ന് തന്നെ റുദകോട്ട വയലിലെ പുതിയ ആരാധനാലയം ഞങ്ങൾക്ക് കാണാമായിരുന്നു. ഞങ്ങളുടെ വാഹനം ഒരു മലയുടെ അടിവാരത്ത് പാർക്കു ചെയ്തു. ഞങ്ങളുടെ വാഹനം കയറ്റം കയറാൻ പ്രയാസമായതിനാൽ ഒരു ജീപ്പിൽ ഞങ്ങൾ യാത്ര തുടർന്നു. അപകടകരമായ ഇടുങ്ങിയ പാതകളിലൂടെ ആളുകളെ സുരക്ഷിതമായി കൊണ്ടുപോകുന്നതിലെ  കാര്യക്ഷമത കാരണം ഈ മലനിരകളിലെ ഡ്രൈവർമാർ ലോകത്തിലെ ഏറ്റവും മികച്ചവരാണ്. വാഹനത്തിനുള്ളിലുള്ളവർ ശ്വാസം അടക്കിപ്പിടിച്ചിരുന്നാൽ മാത്രം മതി. ഒരുപാട് കയറ്റിറക്കങ്ങളുള്ള പരുക്കൻ പാത. വെളിയിൽ കന്നുകാലികൾ പോലും തടസ്സങ്ങൾ സൃഷ്ടിച്ചു. 45 മിനിറ്റ് നീണ്ട സാഹസിക യാത്രയ്ക്കു ശേഷം ഞങ്ങൾ ബൊഡ്ലഗൊണ്ടിയിലെത്തി. ആ ഗ്രാമത്തിലെ വിശ്വാസികളുടെ മുഖത്തെ പുഞ്ചിരി ഞങ്ങളുടെ ദുഷ്ക്കരമായ യാത്ര മറക്കാൻ ഞങ്ങളെ പ്രാപ്തമാക്കി. 50-ലധികം വിശ്വാസികളായ യുവാക്കൾ ഞങ്ങളുടെ കാലുകൾ കഴുകി തുടച്ച് ഹസ്തദാനം നൽകി ഞങ്ങളെ സ്വീകരിച്ചു. അവരുടെ സ്വീകരണത്തിൽ ഞങ്ങൾ ആഹ്ലാദഭരിതരായി. പാട്ടുകൾ പാടിയും നൃത്തംചെയ്തും അവർ കർത്താവിനെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നത് കണ്ട് ഞങ്ങൾ ദൈവസാന്നിധ്യത്താൽ നിറഞ്ഞു. ഒരു നീണ്ടയാത്രയ്ക്ക് കുടുംബമായി പോകണമോ എന്ന് ഞാനും ഭാര്യയും കൂടി ചിന്തിച്ചിരുന്നു. എന്നാൽ മനോഹരമായ ആ ആരാധനാലയം കണ്ടപ്പോൾ ഈ യാത്രയ്ക്ക് ഞങ്ങളെ പ്രേരിപ്പിച്ചത് പരിശുദ്ധാത്മാവാണെന്ന് ഞങ്ങൾ തീർച്ചപ്പെടുത്തി. 30-06-24 ന് നടന്ന സമർപ്പണ ശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചത് ഒരു വലിയ പദവിയായി ഞങ്ങൾ കണക്കാക്കുന്നു. എത്തിച്ചേരാൻ പ്രയാസമുള്ള ഉൾഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെയ്ക്കുന്ന എല്ലാ മിഷനറിമാരെയും ഞങ്ങൾ അഭിനന്ദിക്കുകയും അവർ ശുശ്രൂഷ ചെയ്യുന്ന ഗ്രാമങ്ങളെ പ്രത്യാശയുടെ വിളക്കുകളായി അനുഗ്രഹിക്കുകയും ചെയ്യുന്നു. 2030 ആകുമ്പോഴേക്കും മിഷനറിമാരിലൂടെ ഒരു ലക്ഷം ഗ്രാമങ്ങൾ അനുഗ്രഹിക്കപ്പെടേണ്ടതിനാ യി ഒരോ ദിവസവും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**- സഹോ. ഡേവീഡ് പാണ്ടിയാനും കുടുംബവും**

# ചെയർമാന്റെ കത്ത്

ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,
ക്രിസ്തുവിന്റെ കൃപയും സമാധാനവും നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.

വിശ്വവാണി ശുശ്രൂഷയെ ദൈവം അതിശയകരമായി നടത്തുന്നു. ദൈവത്തിന്റെ പദ്ധതികൾ നടപ്പിലാക്കാൻ അവന്റെ മാർഗ്ഗനിർദ്ദേശത്തിലൂടെ ഞങ്ങൾ പ്രത്യേക നടപടികൾ കൈക്കൊള്ളുന്നു. ദിനംതോറും അളവറ്റ അത്ഭുതങ്ങളും അടയാളങ്ങളും ശുശ്രൂഷയിൽ നടക്കുന്നു. നിങ്ങൾ പോയി സ്നാനം കഴിപ്പിച്ചും ഉപദേശിച്ചുകൊണ്ടും സകലജാതികളെയും ശിഷ്യരാക്കുക എന്ന യേശുവിന്റെ മഹാനിയോഗം നിറവേറ്റാൻ നാം ശ്രമിക്കുമ്പോൾ, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു; ഞാനോ ലോകാവസാനത്തോളം നിങ്ങളോടുകൂടെ ഉണ്ടു എന്നു പറഞ്ഞ് നമ്മെ ഉറപ്പിക്കുന്നു.

ഹിമാലയത്തെക്കുറിച്ചുള്ള നമ്മുടെ ശുശ്രൂഷയുടെ പ്രാരംഭ ഘട്ടങ്ങളെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ ഞാൻ എഴുതിയത് നിങ്ങൾ വായിച്ചുണ്ടാകും. ഈ ലക്കത്തിൽ വടക്കു കിഴക്കൻ ഇന്ത്യയിലെ പ്രത്യേകിച്ച് പശ്ചിമ ബംഗാൾ, സിക്കീം, ആസ്സാം എന്നീ സംസ്ഥാനങ്ങളുടെ വടക്കു ഭാഗത്ത് നടക്കുന്ന ശുശ്രൂഷകളെക്കുറിച്ച് എഴുതുവാൻ ഞാൻ ആഗ്രഹിക്കുന്നു. റവ.പ്രകാശ് ഛേത്രി ഈ പ്രവിശ്യയുടെ കോഓർഡിനേറ്റർ ആയും റവ.ജെയിംസ് ലൂഷായി നോർത്ത് വെസ്റ്റ് ബംഗാളിന്റെയും, റവ,മനോജ് പ്രധാൻ സിക്കിമിന്റെയും, റവ.അജയ് റാഭാ ആസ്സാമിന്റെ കോഓർഡിനേറ്റർമാർ ആയും ശുശ്രൂഷ ചെയ്യുന്നു.

**വയലിലെ ഫലങ്ങൾ:** 124 വയലുകളിലായി 650 ഗ്രാമങ്ങളിൽ നടക്കുന്ന ശുശ്രൂഷകൾ നേപ്പാളി, ബോഡോ, രാജ്ബോങ്സി, സന്താലി, ഒറാവ്, മുമ്ടാരി, സിക്കിമീസ്, ലെപ്ച, ഭൂട്ടിയ, ആസാമീസ്, ബംഗാളി എന്നീ ജനവിഭാഗങ്ങളുടെ രൂപാന്തരത്തിന് സഹായകരമാണ്. ഇവിടെ രൂപപ്പെട്ടിരിക്കുന്ന 135 വേദപഠന കൂടിവരവുകളും 135 ആരാധനാ കൂടിവരവുകളും ആത്മീകമായി വളരാൻ അവരെ സഹായിക്കുന്നു. കൂടാതെ 65 മനോഹരങ്ങളായ ആരാധനാലയങ്ങളും അവിടെയുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പുതിയതായി നിർമ്മിച്ച് നൽകിയ 6 ആരാധനാലയങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. ഇപ്പോൾ ആരാധനയിൽ പങ്കെടുക്കുന്നവരുടെ എണ്ണം 6605 ആയി വർദ്ധിച്ചിരിക്കുന്നു. അവരിൽ 5073 പേർ സ്നാനപ്പെട്ട വിശ്വാസികളാണ്.

**അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ...** സിലിഗുഡിയിൽ നിന്ന് 30 ഉം, സിക്കീമിൽ നിന്ന് 23 ഉം, ആസ്സാമിൽ നിന്ന് 50 ഉം അങ്ങനെ 103 യുവാക്കൾ സ്വന്തം ഭാഷക്കാരുടെ ഇടയിൽ പൂർണ്ണസമയ ശുശ്രൂഷയ്ക്കായി സമർപ്പണത്തോടെ കടന്നു വന്നിരിക്കുന്നു. ഈ യുവാക്കൾക്ക് പരിശീലനം നൽകി ഗ്രാമങ്ങളിലേക്ക് അയയ്ക്കുന്നതിന് നിങ്ങളുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവും ആവശ്യമാണ്. ക്രിസ്തുവിൽ പുതുജീവൻ പ്രാപിച്ച ഒരു വിശ്വാസി തന്റെ ഗ്രാമത്തിലെ മറ്റുള്ളവരെ അതേ അനുഭവത്തിലേക്ക് നയിക്കേണ്ടത് ആവശ്യമാണ്. ഒരു ഗ്രാമത്തിൽ രൂപപ്പെടുന്ന ആരാധനാ കൂടിവരവിലൂടെ അടുത്ത ഗ്രാമങ്ങളിലും പുതിയ ആരാധനാ കൂടിവരവുകൾ രൂപപ്പെടണം. അങ്ങനെ ക്രിസ്തുവിലൂടെ രൂപാന്തരപ്പെടുന്ന ഗ്രാമങ്ങൾ സുവിശേഷത്തിലൂടെ മറ്റുഗ്രാമങ്ങളെ അനുഗ്രഹിക്കണം. അതിന്റെ ഫലമായി ഒരു ലക്ഷം ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുവാൻ നമുക്ക് സാധിക്കും. ഈ ദർശനത്തോടുകൂടി ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ സ്നേഹം പങ്കുവെയ്ക്കുന്ന ഓരോ മിഷനറി ആയിത്തീരണം. ഇത് ദൈവം നമുക്ക് നൽകിയിരിക്കുന്ന കർമ്മപദ്ധതിയാണ്.

**സാമൂഹ്യ വികസന ശുശ്രൂഷകൾ:** ശുശ്രൂഷയുടെ ജനങ്ങളോടുള്ള സമഗ്രമായ സമീപനം അവരുടെ സാമൂഹികവും ആത്മീയവും ഭൗതീകവുമായ ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്നു. 2 വയലുകളിൽ വനിതകൾക്കായുള്ള തയ്യൽ പരിശീലനവും

കുട്ടികൾക്കായുള്ള വൈകുന്നേരത്തുള്ള ട്യൂഷനും നടത്തി വരുന്നു. മതിഗഢ വയലിൽ ബാലഭവനും ഗയാഗംഗ വയലിൽ സ്കിൽ ഡവലപ്മെന്റ് കേന്ദ്രവും പ്രവർത്തിക്കുന്നു. ഈ കേന്ദ്രങ്ങൾ ഗ്രാമീണർക്ക് വളരെ പ്രയോജനകരമാണ്.

നമ്മുടെ ദർശനം അനുസരിച്ച്, ആസ്സാമിലെ 4500 ഗ്രാമങ്ങളും, സിലിഗുഡിയിലെ 2000 ഗ്രാമങ്ങളും, സിക്കീമിലെ 200 ഗ്രാമങ്ങളും സുവിശേഷത്തിലൂടെ രൂപാന്തരപ്പെടണം. 2030 ആകുമ്പോഴേക്കും സുവിശേഷം പങ്കുവെയ്ക്കുന്ന മിഷനറിമാരുടെ എണ്ണം 1340 ആകുകയും വയലുകളിൽ വിശ്വാസികളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം. പ്രാർത്ഥിച്ച് മിഷനറിമാരെ വയലുകളിലേക്ക് അയയ്ക്കുന്ന ആളുകളുടെ എണ്ണം വർദ്ധിക്കുമ്പോൾ മാത്രമാണ് ഗ്രാമങ്ങൾക്ക് രൂപാന്തരമുണ്ടാകുന്നത്.

ബംഗ്ലാദേശിന്റെ അതിർത്തിയോട് ചേർന്നുള്ള ജിയോറമുനി വയലിലെ ശുശ്രൂഷയിലെ ദൈവീക മാർഗ്ഗദർശനത്തിനായി ദൈവത്തെ സ്തുതിക്കുന്നു. ഈ വയലിനോടു ചേർന്നുള്ള ഛോട്ടാ പടമാരി വയലിൽ നമുക്ക് മനോഹരമായ ഒരു ആരാധനാലയമുണ്ട്. ജിയോറമുനി വയലിൽ ആരാധനാലയത്തിനാവശ്യമായ സ്ഥലം വാങ്ങി നിർമ്മാണം ആരംഭിച്ചു. നാലു യുവാക്കൾ ബൈക്കിൽ വന്ന് വിശ്വാസികളെയും പണിയുന്നവരെയും ഭീഷണിപ്പെടുത്തി. ആ വയലിലെ മിഷനറിയും വിശ്വാസികളും പ്രത്യാശ കൈവിടാതെ വിശ്വാസത്തോടെ ഈ വിഷയത്തിനായി ശക്തമായി പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ആരാധനാലയ നിർമ്മാണം പുനഃരാരംഭിച്ചു. ആരാധനാലയം ഉയർന്നപ്പോൾ അതേ യുവാക്കൾ വീണ്ടും വരികയും ആ ആരാധനാലയം പൊളിച്ചു കളകയും ചെയ്തു. വിശ്വാസികൾ പോലീസിൽ പരാതി നൽകുകയും ആ ചെറുപ്പക്കാരെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു. അങ്ങനെ ഞങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി, അനുകൂലമായ വാതിലുകൾക്കായി പ്രാർത്ഥിച്ചു.

നിർമ്മാണം നിലച്ചെങ്കിലും വിശ്വാസികൾ പ്രാർത്ഥന തുടർന്നു. പെട്ടെന്ന് ഒരു ദിവസം ആ ചെറുപ്പക്കാരിൽ ഒരാളായ അരുൺ ദോസ് വിശ്വാസികളെ വന്ന് കാണുകയും ഞങ്ങൾ ശല്യപ്പെടുത്തുകയില്ല, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യപ്പെട്ടു. അത്ഭുതം, ഈ പെട്ടെന്നുള്ള മാറ്റത്തിന് കാരണം എന്താണ്? അരുൺ ദോസ് ഉറങ്ങുന്ന സമയം അയാൾ കിടന്നിരുന്ന മുറിയിലേക്ക് ഒരു ശക്തമായ വെളിച്ചം കടന്നു വന്നു. ആ വെളിച്ചത്തിൽ അയാൾക്ക് ഒരു മനുഷ്യനെ കാണാമായിരുന്നു. ആരാധനാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തരുത് എന്ന് അദ്ദേഹം അരുണിനോട് ആവശ്യപ്പെട്ടു. അതേ, അവൻ കേട്ടത് യേശുക്രിസ്തുവിന്റെ ശബ്ദമായിരുന്നു. യേശുവിന്റെ ശബ്ദം കേട്ടപ്പോൾ എതിർപ്പുകൾ അവസരങ്ങളായി മാറി. ആരാധനാലയം നിർമ്മിച്ച് ദൈവനാമ മഹത്വത്തിനായി സമർപ്പിക്കുവാൻ ഇടയായി.

പശ്ചിമബംഗാളിലെ ഒരു വിനോദസഞ്ചാര കേന്ദ്രമായ ഡാർജലിംഗിൽ നമുക്ക് ഒരു ഓഫീസുണ്ട്. ഇവിടെ ഒരു പ്രാർത്ഥനാ സഹായ കേന്ദ്രവും പരിശീലന കേന്ദ്രവും നിർമ്മിക്കുന്നതിനായി 1360 ച.അടി വിസ്തീർണ്ണമുള്ള ഒരു സ്ഥലം ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. ആ സ്ഥലം വാങ്ങുന്നതിന് 17.50 ലക്ഷം രൂപ ഞങ്ങൾക്ക് ആവശ്യമായിരിക്കുന്നു. ശുശ്രൂഷയുടെ ആവശ്യങ്ങൾ വിശ്വാസികളുമായി പങ്കുവെയ്ക്കുക എന്നത് ദൈവദാസന്മാരുടെ കടമയാണ്; ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തന്റെ മക്കളെ ഒരുക്കേണ്ടത് ദൈവത്തിന്റെ ഉത്തരവാദിത്തമാണ്. ഈ ആവശ്യത്തിനായി പ്രാർത്ഥിക്കുകയും പങ്കാളികളാകുകയും ചെയ്താലും. നിങ്ങളെല്ലാവരുടെയും പ്രാർത്ഥനകൾക്കും, ഔദാര്യദാനങ്ങൾക്കും, പങ്കാളിത്തത്തിനും നന്ദി അറിയിക്കുന്നു. ദൈവത്തിന്റെ കൃപ നിങ്ങൾ ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

**ഹൈദരബാദ്** **കർത്തൃശുശ്രൂഷയിൽ**

**12-07-24** **സഹോ.പി.സെൽവരാജ്**

# പിന്മാറില്ല

മണിപ്പൂർ സംസ്ഥാനത്ത് ഏഴുദിവസത്തെ ഒരു പ്രാർത്ഥന ഞങ്ങൾ നടത്തുകയുണ്ടായി. ക
കത്തിച്ചു, ആരാധനാലയങ്ങൾ തകർത്തു, മിഷനറിമാരുടെ വീടുകൾ ഇടിച്ചു കളഞ്ഞു. വാ
ന്മാരുടെ ശവപ്പെട്ടികൾ ശൂന്യമായിക്കിടന്നു. എവിടെ തിരിഞ്ഞാലും കണ്ണുകളെ ഈറനണി
മാസം 13 ന് ഇംഫാലിലും ജൂൺ 19ന് ഖുനൗവിലും എത്തി. ഏഴുദിവസത്തെ യാത്ര മടുപ്പിക്ക

ഓരോ 30 മീറ്ററിലും ചെക്ക് പോസ്റ്റുകൾ ഉണ്ടായിരുന്നു എല്ലാ ഗ്രാമങ്ങളിലും സ്വയം സംരക്ഷ
ഏകദേശം ഇരുപതിനായിരത്തോളം ആളുകൾ അഭയാർത്ഥികളായി ടാർപോളിൻ കീഴി
രക്തസാക്ഷികളായി ജീവൻ ബലിയർപ്പിച്ച അവരുടെ വേണ്ടപ്പെട്ട ആളുകളുടെ കൂട്ട ശ്മശാന
ജനജീവിതത്തിൽ ഭീതി ജനിപ്പിക്കുന്നു.

വെടിയൊച്ച കേൾക്കുമ്പോൾ അവർ സ്വയം ഓടിയൊളിക്കുന്നു. 88 വയസ്സുള്ള എന്റെ പി
വനത്തിൽ ഒളിപ്പിച്ച് പരിപാലിക്കുന്നു. ഞാൻ ശുശ്രൂഷയോടുള്ള ബന്ധത്തിൽ പുറത്തു പോ
അടിയിൽ ഒളിച്ചിരിക്കും. ഞങ്ങളെ ജീവനോടെ സംരക്ഷിച്ചത് ദൈവമാണ്

**- മിഷനറി സഹോ. റോയിമുദംഗിന്റെ ഹൃദയ ഭേദകമായ സാക്ഷ്യം**

കഴിഞ്ഞ ഒരു മാസമായി എനിക്ക് എന്റെ ഗ്രാമത്തിൽ പ്രവേശിക്കുവാൻ കഴിയുന്നില്ല.
സാനം വന്നിട്ടില്ല.**- മിഷനറി സഹോ. റൊമേഷ് സിംഗിന്റെ പ്രാർത്ഥനാ വിഷയം**

ഞങ്ങളുടെ കുടുംബത്തിൽ ഞാനല്ലാതെ യേശുവിനെ അറിയുന്ന ആരുമുണ്ടായിരുന്നി
ഭവനത്തിൽ നടന്ന വിശ്വാസികളുടെ കൂടിവരവിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ കുറ

**- യുവാവായ സഹോ. റൊജിത് മൊയ്ബാമിന്റെ സാക്ഷ്യം**

ഇന്ന്, ഞങ്ങൾക്ക് ഒരു ആരാധനാലയം ഇല്ല. ഞങ്ങളുടെ ആരാധനാലയം നിന്നിരുന്ന സ്ഥ
നിറയുന്നു. ഞങ്ങളുടെ ആദ്യത്തെ ആരാധനാലയത്തിനേക്കാൾ ഒരു ആരാധനാലയം ദൈ
മാകുന്നു **- കീനൗ ഗ്രാമത്തിലെ ഒരു വിശ്വാസിയുടെ വാക്കുകൾ**

ഞങ്ങളുടെ ഗ്രാമത്തിലെ 35 പേർ യേശുക്രിസ്തുവിൽ വിശ്വസിച്ചു. 60-ലധികം വിശ്വാസ
ഇപ്പോൾ വിശ്വാസികളുടെ ഭവനത്തിന്റെ വരാന്തകളിലാണ് ആരാധനാ കൂടിവരവു നട
ആരാധനാലയത്തിന് ആവശ്യമായ സ്ഥലം തയ്യാറാണ്. ഈ സ്ഥലം വാങ്ങി ആരാധന
മുന്നോട്ടു വന്നാലും. **- കീനൗബോക് ഗ്രാമത്തിലെ വിശ്വാസികളുടെ പ്രാർത്ഥനാ വിഷയം.**

ഞങ്ങൾക്ക് ഉണ്ടായിരുന്നതെല്ലാം നഷ്ടമായി, എന്നാൽ വിശ്വാസത്തിന് ഭംഗം വന്നില്ല. യേശ
കഴിയില്ല. **- വയലിലെ ഒരു വിശ്വാസിയുടെ സാക്ഷ്യം**

മണിപ്പൂരിലെ 200 പേർക്ക് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ 4-ാം ഘട്ടവും വിജയകരമായ
ഞ്ഞു. ആയിരക്കണക്കിന് ആളുകളുടെ കണ്ണീരു തുടയ്ക്കുന്നതിനും അവരുടെ കരങ്ങ
ഞങ്ങൾ കഠിനാദ്ധ്വാനം ചെയ്യുന്നു. മണിപ്പൂരിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കുന്നവ

ജീവനും, വസ്തുവകകളും, വാസസ്ഥലവും നഷ്ടപ്പെട്ടെങ്കിലും അവർ യേശുവിൽ ഉറച്ചു
മാർക്കും അവരുടെ കുടുംബത്തിനും വേണ്ടി നമുക്ക് ചെയ്യാൻ കഴിയുന്നത് നമുക്ക് ചെയ്യ
വേണ്ടി പങ്കാളികളായവരെ ദൈവം അനുഗ്രഹിക്കട്ടെ **- സഹോ. കിംഗ്സ്ലി, അസ്സോസിയേറ്റ്**



ലാപകാരികൾ ഗ്രാമങ്ങൾ ഒഴിപ്പിച്ചു, വീടുകൾ
ഹനങ്ങൾ അഗ്നിക്കിരയാക്കി, വിശ്വാസ വീര
ിയിക്കുന്ന അനുഭവങ്ങൾ. ഞങ്ങൾ ജൂൺ
ുന്നതായിരുന്നു.

നം ഉണ്ടായിരുന്നു. ഭവനങ്ങൾ നഷ്ട പ്പെട്ട
ൽ താമസിക്കുന്നു. അവരുടെ അരികിൽ
ാങ്ങൾ ഉണ്ടായിരുന്നു. വെ ടിയൊച്ചകൾ

താവിനെ ഞാൻ ചുമലിലേറ്റി അടുത്തുള്ള
കുമ്പോൾ എന്റെ പിതാവ് കിടയ്ക്കയുടെ

ഭീഷണികൾക്കും അപകടങ്ങൾക്കും അവ

ല്ല. എന്നാൽ കലാപത്തിനുശേഷം എന്റെ
വുണ്ടായിട്ടില്ല.

ലം കാണുമ്പോൾ ഞങ്ങളുടെ കണ്ണുകൾ
ാദവം ഞങ്ങൾക്ക് നൽകുന്ന ദിനം ആഗത

ികൾ ആരാധനയ്ക്കായി കൂടിവരുന്നു.
ത്തുന്നത്. 3500 ച.അടി വിസ്തീർണ്ണമുള്ള
ാലയം നിർമ്മിക്കുന്നതിന് വിശ്വാസികൾ

ുവിനെ പിരിഞ്ഞു നിൽക്കാൻ ഞങ്ങൾക്ക്

ി പൂർത്തീകരിക്കുവാൻ ഞങ്ങൾക്ക് കഴി
ളിൽ ഒരു ബൈബിൾ നൽകുന്നതിനും
ൽ അനുഗ്രഹിക്കപ്പെട്ടവർ ആകുന്നു.
നിൽക്കുന്നു. വിശ്വാസികൾക്കും മിഷനറി
ാം. മണിപ്പൂരിലെ ആളുകളുടെ ക്ഷേമത്തിനു
**ഡയറക്ടർ**



# വളർച്ചയും രൂപാന്തരവും



അടുത്ത കാലത്തായി, പാപത്തിൽ അകപ്പെട്ട് മോചനവും വിടുതലും വെളിച്ചവും ആഗ്രഹിക്കുന്ന ആളുകളുടെ എണ്ണത്തിൽ നിരന്തരമായ വർദ്ധനവ് നാം കാണുന്നു. അതേസമയം തന്നെ, സുവിശേഷത്തിലൂടെ യഥാർത്ഥ വെളിച്ചം സ്വീകരിച്ച് കർത്താവിൽ സന്തോഷിക്കുന്നവരുമുണ്ട്. ദൈവത്തിനു സ്തോത്രം. ഉത്തർപ്രദേശിലെ ശുശ്രൂഷ നടക്കുന്ന 512 ഗ്രാമങ്ങളിൽ 199 ആരാധനാ കൂടിവരവുകൾ പ്രവർത്തിക്കുന്നു. ദൈവ വചനത്തിൽ ശക്തി പ്രാപിച്ച ആളുകൾ ആരാധനയിൽ പങ്കെടുക്കുക മാത്രമല്ല, സാമൂഹ്യ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. 23 അധ്യാപകരിലൂടെ 7 വെബ് കേന്ദ്രങ്ങളിലായി ക്രമീകരിച്ച ബോധവത്ക്കരണ ക്ലാസ്സുകൾ 597 കുട്ടികൾക്ക് പാപത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും അതിനോട് വെറുപ്പ് സൃഷ്ടിക്കുവാനും സാധിച്ചു. വയൽ സഭകളിലെ ലീഡർമാർ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചു. ഗ്രാമങ്ങളുടെ രൂപാന്തരവും വയൽ സഭകളുടെ വികസനത്തെയും സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുവാനും അവർക്ക് സാധിച്ചു. സ്ത്രീശാക്തീകരണത്തിനായി സ്വയം തൊഴിൽ പരിശീലന ക്ലാസ്സുകളുടെ വെളിച്ചത്തിൽ ഗ്രാമങ്ങളുടെ ഭാവി മുൻകൂട്ടി കാണുമ്പോൾ, മറ്റു സാമൂഹ്യ വികസന നൈപുണ്യ ക്ലാസ്സുകൾ, ഗ്രാമീണരുടെ ക്ഷേമത്തിനായുള്ള കർമ്മപദ്ധതികളും അതിന്റെ ദൈനംദിന പ്രവർത്തനങ്ങളും മറ്റും കാണുമ്പോഴും ദൈവം തന്റെ പ്രവൃത്തി എല്ലാ ഗ്രാമങ്ങളിലും നിർവ്വഹിക്കുന്നു എന്ന് നമുക്ക് സാക്ഷിക്കാൻ കഴിയും. ഗ്രാമീണരുടെ ഭൗതീകവും, സാമൂഹികവും ആത്മീയവുമായ ആവശ്യങ്ങൾ നിറവേറ്റി ഗ്രാമങ്ങളെ അഭിവൃദ്ധിയിലേക്ക് എത്തിക്കുക എന്നതാണ് ശുശ്രൂഷയുടെ കാഴ്ചപ്പാട്. ഭോജ്പുരി പ്രവിശ്യയിൽ ശുശ്രൂഷ ചെയ്യുന്നതിന് 16 യുവാക്കൾ മുന്നോട്ടു വന്നിരിക്കുന്നു. ഈ യുവ മിഷനറിമാരെ അയയ്ക്കുന്നതിനും കൈത്താങ്ങുന്നതിനും അന്ത്യോക്യ വിശ്വാസികളെ ഞങ്ങൾക്ക് ആവശ്യമാണ്. –
**സഹോ. അനിൽ കുമാർ, കോഓർഡിനേറ്റർ**

2023-2024

ആഡിറ്റ് റിപ്പോർട്ട്

## കൊയ്ത്തിന്റെ യജമാനന് ആയിരം ആയിരം സ്തോത്രങ്ങൾ!

***സ്വർഗ്ഗസ്ഥനായ ദൈവത്തിനു സ്തോത്രം ചെയ്‌വിൻ; അവന്റെ ദയ എന്നേക്കുമുള്ളത്*** (സങ്കീ:136:26).

2023 മുതൽ 2024 മാർച്ച് വരെയുള്ള ശുശ്രൂഷയുടെ വിവരങ്ങൾ ശുശ്രൂഷാ പങ്കാളികളുമായി പങ്കിടുന്നതിൽ ഞങ്ങൾ കർത്താവിൽ സന്തോഷിക്കുന്നു. ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ(ലൂക്കോ:17:10) എന്ന് താഴ്മയോടെ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു.

ക്രൂശിൽ മരിച്ച നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ അത്ഭുതകരമായ സ്നേഹം പങ്കുവെയ്ക്കാൻ 1980 മുതൽ വിശ്വവാണിയെ സഹായിക്കുന്ന കർത്താവ് നല്ലവനാണ്. ഭാരതത്തിലെ വിശ്വാസികളുടെ കൈത്താങ്ങലിലൂടെ തദ്ദേശിയരായ മിഷനറിമാരെ സുവിശേഷവുമായി അയയ്ക്കുക എന്ന അതേ പ്രതിബദ്ധതയോടെ ഇതുവരെ മുന്നോട്ടു പോകാൻ നമ്മെ പ്രാപ്തരാക്കിയതിനാൽ ദൈവം മാറ്റമില്ലാത്തവനാണ്. ദൈവത്തിന്റെ കൃപയാലും ദൈവമക്കളുടെ പ്രാർത്ഥനയാലും മനഃപൂർവ്വദാനങ്ങളും സ്വമേധാ പ്രതിനിധികളുടെയും വിശ്വവാണി പ്രവർത്തകരുടെയും പരിശ്രമങ്ങളാലും കഴിഞ്ഞ സാമ്പത്തിക വർഷം ശുശ്രൂഷയിൽ വലിയ കൊയ്ത്ത് കാണാൻ സാധിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ 12 മാസങ്ങളിലെ പ്രവർത്തനഫലമായി 13 പുതിയ ജില്ലകളിൽ ശുശ്രൂഷ ആരംഭിക്കുവാനിടയായി. ദൈവകൃപയാൽ 224 പുതിയ ഗ്രാമങ്ങളിലേക്ക് മിഷനറിമാരെ അയയ്ക്കുവാൻ സാധിച്ചു. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ശുശ്രൂഷയ്ക്കായി ദൈവമക്കൾ 7% കൂടുതൽ സാമ്പത്തിക സഹായം നൽകി. അതിന്റെ ഫലമായി പുതിയ മിഷനറിമാരെ പരിശീലിപ്പിക്കുന്നതിനും, 102 വയലുകളിൽ പുതിയതായി ആരാധനാകൂടിവരവുകൾ ആരംഭിക്കുന്നതിനും ഇടയായി. വയലുകളിൽ വിശ്വാസികളുടെ എണ്ണം 1,38,751 ആയി വർദ്ധിച്ചിരിക്കുന്നു. ആവശ്യത്തിലിരുന്ന വിവിധ വയലുകളിൽ 85 ആരാധനാലയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് കഴിഞ്ഞ സാമ്പത്തികവർഷം ദൈവം സഹായിച്ചു. 137 ആരാധനാലയങ്ങൾ നിർമ്മാണത്തിലായിരിക്കുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷം ശുശ്രൂഷയ്ക്ക് ലഭിച്ച എല്ലാ വിജയത്തിനുമായി ദൈവത്തെ സ്തുതിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ശുശ്രൂഷയുടെ പിന്നിൽ നിന്ന എല്ലാ പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾക്കും, ഗ്രാമസന്ധാരകർക്കും, വഞ്ചികാ സഹകാരികൾക്കും, ശുശ്രൂഷാ പ്രതിനിധികൾക്കും, വയലുകളിലെ ആവശ്യങ്ങൾക്കായി പ്രത്യേക ദാനങ്ങൾ നൽകിയ ദൈവമക്കൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഞങ്ങൾ നന്ദി അറിയിക്കുന്നു. കൂടാതെ ഈ ശുശ്രൂഷയെ കൈത്താങ്ങുന്ന എല്ലാ സഭാനേതൃത്വങ്ങൾക്കായും സഭാ വിശ്വാസികൾക്കായും ദൈവത്തെ സ്തുതിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

ശുശ്രൂഷയിൽ കണ്ണീരോടെ വിതയ്ക്കുകയും സന്തോഷത്തോടെ കൊയ്യുകയും ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ , ഇനിയും സുവിശേഷം എത്തിച്ചേരാത്ത ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുവാൻ ഞങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു. ദൈവരാജ്യ വ്യാപനത്തിനായി ഞങ്ങളോടൊപ്പം ചേർന്നാലും.

**സഹോ.പി.സെൽവരാജ്**
**ചെയർമാൻ, വിശ്വവാണി നെറ്റ്‌വർക്ക്**

**റവ.ഡോ.വിൽസൺ ജ്ഞാനകുമാർ**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

# സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല

*- Rev. Emmanuel Gnanaraj, Director Prayer Network*

അപ്പോസ്തൊലനായ പൗലോസ് റോമ:1:16 ൽ ഇപ്രകാരം എഴുതി, സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല. വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷെയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ എന്ന്. അതേ വാക്യത്തിൽ തന്നെ ലജ്ജിക്കാത്തതിന്റെ കാരണവും പൗലോസ് വ്യക്തമാക്കുന്നു. ഈ വാക്യം നാം ധ്യാനിക്കുമ്പോൾ ആദ്യം ചിന്തിക്കേണ്ടത് **ലജ്ജ** എന്ന പദത്തെക്കുറിച്ചും അതിന്റെ ഫലങ്ങളെക്കുറിച്ചുമാണ്. എളിമ. നാണം എന്നീ പദങ്ങൾ ലജ്ജ എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നു. ലജ്ജ എന്ന പദത്തിന്റെ നിഘണ്ടു നിർവ്വചനങ്ങൾ ശാരീരിക ഫലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു, അതേസമയം ഹൃദയത്തിന്റെ പ്രഭാവം എളിമയും നാണവുമാണ്. ലജ്ജയുടെ മാനസീക അവസ്ഥ നമ്മുടെ ആത്മ വിശ്വാസത്തെ നഷ്ടപ്പെടുത്തുന്നു. വേദനിക്കുന്നവരോടു ഭയവും സഹതാപവും സൃഷ്ടിക്കുന്നു. കള്ളന്മാരുടെ ആക്രമണത്തിന് ഇരയായി പാതി മരിച്ച് കിടക്കുന്ന ഒരാളെ കണ്ടപ്പോൾ പുരോഹിതനും ലേവ്യനും അനുഭവിച്ച അതേ വികാരമാണ് ഇത് സൃഷ്ടിക്കുന്നത്. പക്ഷേ, അയാളെ സഹായിപ്പാൻ മുന്നോട്ടു വരാതെ, അത് അവരുടെ ശ്രദ്ധയിൽപ്പെട്ടില്ല എന്ന മട്ടിൽ അവർ രണ്ടും പേരും കടന്നുപോയി. ഇത് നാണക്കേടാണ്. നാം ഉത്തരവാദിത്തം ഏറ്റെടുക്കാതിരിക്കുന്നതിനും ലജ്ജിക്കുന്നതിനും രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി, ആവശ്യത്തിലിരിക്കുന്നവരെ തിരിച്ചറിയാൻ നമ്മുടെ ഹൃദയത്തിനു കഴിയുന്നില്ല. പാപത്തിന്റെ അടിമത്വത്തിൽ കഴിയുന്നവരുമായി സുവിശേഷം പങ്കുവെയ്ക്കേണ്ട വ്യക്തി, നമ്മുടെ പാപത്തിനുവേണ്ടി യേശു തന്നെത്തന്നെ ബലി അർപ്പിച്ചെന്നും അവൻ നമ്മെ രക്ഷിക്കും എന്നും ആദ്യം അനുഭവിക്കുകയും അറിയുകയും വേണം. പാപങ്ങൾ ക്ഷമിക്കപ്പെടാത്തവരുടെ അവസ്ഥ അവൻ മനസ്സിലാക്കണം. തുടർന്ന്, ഒരോ പാപിയും രക്ഷിക്കപ്പെടുമ്പോൾ സ്വർഗ്ഗത്തിലുണ്ടാകുന്ന സന്തോഷവും അവൻ അറിഞ്ഞിരിക്കണം. ഈ തിരിച്ചറിവില്ലാത്ത എല്ലാ ക്രിസ്ത്യാനികളും സ്വയം ഇടപെടാതെ മാറി നിൽക്കുന്നവരെ പോലെയാകും. അവർ സുവിശേഷത്തിൽ ലജ്ജിക്കും. എന്നാൽ താൻ ലജ്ജിക്കില്ലെന്നും അതിൽ പ്രശംസിക്കുമെന്നും അത് തന്റെ ഉത്തരവാദിത്തമാണെന്നും പൗലോസ് പറയുന്നു.

**1. എന്താണ് ഞാൻ ലജ്ജിക്കാത്തത്? :** ആദ്യമായി അപ്പോസ്തൊലനായ പൗലോസ് റോമ:1:16 ൽ ഇപ്രകാരം എഴുതി, സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല. വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ എന്ന്. അതേ വാക്യത്തിൽ തന്നെ ലജ്ജിക്കാത്തതിന്റെ കാരണവും പൗലോസ് വ്യക്തമാക്കുന്നു. സുവിശേഷം പാപത്തിൽ നിന്നുള്ള വിടുതലും, പാപക്ഷമയുടെ ഉറപ്പും നൽകുകയും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ഒരു വിശുദ്ധജീവിതം ആരംഭിക്കുവാൻ സഹായിക്കുകുയും ചെയ്യുന്നു). യേശുക്രിസ്തുവിൽ വിശ്വസിക്കുകയും തങ്ങളുടെ ജീവിതത്തിൽ സ്വീകരിക്കുകയും ചെയ്യുന്നവർക്ക് ദൈവമക്കൾ ആകുവാൻ അധികാരം ലഭിക്കുന്നു(യോഹ:1:12). റോമ:1:14,15 വാക്യങ്ങളിൽ പൗലോസ് ഇപ്രകാരം എഴുതിയിരിക്കുന്നു, യവനന്മാർക്കും ബർബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു. അങ്ങനെ റോമയിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ എന്നാൽ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു.

**2. ഞാൻ എന്തിൽ പ്രശംസിക്കും?:** സുവിശേഷത്തെക്കുറിച്ച് തനിക്ക് ലജ്ജയില്ല എന്ന് പൗലോസ് പറയുമ്പോൾ അതിനർത്ഥം അവൻ അതിൽ അഭിമാനിക്കുകയും അത് ഉയർത്തിപ്പിടിക്കുകയും അത് തന്റെ ജീവിതത്തിലെ പ്രധാന കാര്യമായി കണക്കാക്കുകയും ചെയ്യുന്നു എന്നാണ്. അതായത് അവന് എന്തും ചെയ്യാൻ കഴിയും എന്നാണ്. അപ്പോ.പൗലോസ് ഗലാ:6:14 ൽ ഇപ്രകാരം പറയുന്നു, എനിക്കോ നമ്മുടെ

കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതു; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. കാരണം നമ്മുടെ കർത്താവ് ക്രൂശിൽ തന്റെ രക്തം നമുക്കുവേണ്ടി ചൊരിഞ്ഞ് നമ്മെ വീണ്ടെടുത്തിരിക്കുന്നു.

താൻ കർത്താവായ യേശുക്രിസ്തുവിൽ പ്രശംസിക്കുന്നു എന്ന് പൗലോസ് തന്റെ ലേഖനങ്ങളിൽ പലയിടത്തും എഴുതിയിരിക്കുന്നു. തന്റെ ബലഹീനതകളിൽ പ്രശംസിക്കുന്നതായും പൗലോസ് പരാമർശിക്കുന്നുണ്ട്. സുവിശേഷത്തിനു വേണ്ടി താൻ അനുഭവിച്ച കഷ്ടതകളും നാണക്കേടുകളും 2 കൊരി:11:17-12:10 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുകയും അതിനെക്കുറിച്ച് പ്രശംസിക്കുന്നത് തുടരുകയും ചെയ്യുന്നു. ക്രിസ്തുവിനും സുവിശേഷത്തിനും വേണ്ടി ഞാൻ അഭിമുഖീകരിച്ച കഷ്ടതകളിൽ ലജ്ജിക്കുന്നില്ല എന്ന് പൗലോസ് പറയുന്നത് നിങ്ങൾക്ക് അംഗീകരിക്കാൻ കഴിയുമോ? അതിൽ നമുക്കൊരു പങ്കുമില്ലേ?

**3. സുവിശേഷം പ്രസംഗിക്കുന്നതിന് ഞാൻ നിർബ്ബന്ധിതനാണ്:** പൗലോസ് 1 കൊരി:9:16 ൽ പറയുന്നു, ഞാൻ സുവിശേഷം അറിയിക്കുന്നുവെങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം. പൗലോസ് തന്റെ ഉത്തരവാദിത്തമായി സന്തോഷത്തോടെ സുവിശേഷം പ്രസംഗിക്കുന്നു. ഓരോ ദൈവമക്കളും അത് ചെയ്യാൻ ബാധ്യസ്ഥരും നിർബ്ബന്ധിരുമാണ്. ഒന്നാമതായി, എല്ലാവരും രക്ഷയുടെ സുവിശേഷം സ്വീകരിക്കണം. അല്ലെങ്കിൽ അത് വിഡ്ഢിത്തമായിരിക്കും. കാരണം യേശുക്രിസ്തുവിന്റെ സുവിശേഷം സ്വീകരിക്കാത്ത എല്ലാവരും, അവർ സമ്പന്നരായാലും പ്രശസ്തരുമായാലും അവർക്ക് ന്യായവിധി ഉണ്ട് എന്ന് യോഹ:3:18 ൽ യേശു തന്നെ പറഞ്ഞു. നമ്മെ രക്ഷിക്കാൻ മറ്റൊരു നാമവും ഭൂമിയിൽ നൽകിയിട്ടില്ലെന്ന് നാം മനസ്സിലാക്കുമ്പോൾ(അ.പ്ര:4:12) അത് പ്രഖ്യാപിക്കാതെ നമുക്ക് എങ്ങനെ മിണ്ടാതിരിക്കാനാകും?

**4. യേശുക്രിസ്തുവിനായി കഷ്ടം സഹിക്കുക**:പൗലോസ് തിമൊഥിയോസിനോട്, ക്രിസ്തുയേശുവിന്റെ നല്ലഭടനായി എന്നോടുകൂടെ കഷ്ടം അനുഭവിക്കുക. നാം സുവിശേഷ വേലയിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ നഷ്ടമുണ്ടായേക്കാം എന്ന് പൗലോസ് പറയുന്നു. ചിലപ്പോൾ, നമ്മുടെ സമ്പാദ്യത്തിൽ നിന്നും ശുശ്രൂഷയ്ക്ക് നൽകേണ്ടി വരുമ്പോൾ അതുവഴി നമ്മുടെ ആഗ്രഹങ്ങൾ ചിലത് നിറവേറ്റാൻ കഴിയാതെ വരുന്നു. സുവിശേഷ വേലയ്ക്ക് നൽകുന്നതിന് മക്കെദോന്യ സഭയ്ക്ക് എത്രമാത്രം താല്പര്യം ഉണ്ടായിരുന്നു എ ന്ന് 2 കൊരി:8-ാം അദ്ധ്യായത്തിൽ പൗലോസ് പറയുന്നു. സി.ടി..സ്റ്റഡ് ഇംഗ്ലണ്ടിലെ കൊട്ടാരം പോലെയുള്ള തന്റെ വീട് ശുശ്രൂഷയ്ക്കായി നൽകി. അദ്ദേഹം ഒരു മിഷനറിയായി ചൈനയിലേക്കും, ഇന്ത്യയിലേക്കും ഒടുവിൽ ആഫ്രിക്കയിലേക്കും പോയി. വിവാഹത്തിനുശേഷം ഭർത്താവിനൊപ്പം തന്റെ മകൾ ആദ്യമായി തന്നെ കാണാൻ വന്നപ്പോൾ മരുമകന് നൽകാൻ തന്റെ കൈവശം ഒന്നുമില്ലായിരുന്നു. അത് അദ്ദേഹത്തിന് നഷ്ടമല്ല, പകരം അദ്ദേഹം ക്രിസ്തുവിനുവേണ്ടി നൽകിയതിന്റെ നേട്ടമാണ്. അത് അദ്ദേഹത്തിന്റെ പ്രതിബദ്ധതയായിരുന്നു, അത് ഇന്നും അഭിമാനം നൽകുന്നു. വില്യംകേറി കുടുംബമായി ഇന്ത്യയിൽ വന്ന് ബൈബിൾ വിവിധ ഭാഷകളിൽ പരിഭാഷപ്പെടുത്തി. സുവിശേഷത്തിനുവേണ്ടി അദ്ദേഹം സഹിച്ച കഷ്ടതകളും നാണക്കേടുകളും വേദനകളും ഒരിക്കലും രേഖപ്പെടുത്താനാവില്ല. മരിച്ചുപോയ ഭാര്യയെയും കുഞ്ഞിനെയും സംസ്ക്കരിക്കാൻ സ്വന്തം കൈകൊണ്ട് കുഴിമാടം കുഴിക്കാൻ അദ്ദേഹം നേരിട്ട വേദന സങ്കൽപ്പിക്കുക. അത് അദ്ദേഹത്തിന്റെ ജീവിതത്തിൽ നാണക്കേട് അല്ല മറിച്ച് പ്രശസ്തിയാണ് ഉണ്ടാക്കിയത്. അതെ, ക്രിസ്തു വിനുവേണ്ടി തങ്ങൾക്കുള്ളതെല്ലാം നഷ്ടപ്പെടുത്തിയവർ ഒരിക്കലും ദരിദ്രരാകയില്ല. ദൈവരാജ്യ വ്യാപ്തിക്കുവേണ്ടി കഷ്ടങ്ങൾ സഹിച്ചവർക്ക് ഒരിക്കലും നഷ്ടങ്ങൾ ഉണ്ടായിട്ടില്ല എന്നത് സത്യമല്ലേ!

**നാം എന്തിന് കഷ്ടം അനുഭവിക്കണം?:** എബ്രാ:9:22ൽ പറയുന്നു, രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല. ചെലവു കൂടാതെ മോചനമില്ല. കൊലോ:1:24ൽ പറയുന്നു, ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു. ഈ വാക്യത്തിൽ പൗലോസ് അർത്ഥമാക്കുന്നത് എന്താണ്? രക്ഷയ്ക്കായി എല്ലാവരും നൽകേണ്ട ഒരു വിലയുണ്ട്. ഭാരത ദേശത്ത് സുവിശേഷം ഘോഷിക്കുന്നതിന് നമ്മിൽ നിന്നും യേശുകർത്താവ് എന്താണ് പ്രതീക്ഷിക്കുന്നത്? അതെക്കുറിച്ച് ഒന്ന് ചിന്തിക്കുക.

സുവിശേഷവേലയ്ക്കായി നാം ചെലവിടേണ്ടത് ആവശ്യമാണ്. 1992ൽ ഡൽഹിയിൽ വെച്ചാണ് ഹിന്ദി ഭാഷയിലുള്ള മിഷനറിമാരുടെ പരിശീലനം ആരംഭിച്ചത്. അതിന്റെ ഉദ്ഘാടനത്തിനായി ഞാൻ ജമ്മുവിൽ നിന്നും വന്നു. പോകുന്ന വഴിക്ക് അംബാലയിൽ ഒരു വീട് അന്വേഷിച്ച് അങ്ങോട്ടു മാറാമെന്ന് കരുതി അഡ്വാൻസ് കൊടുത്തു. അങ്ങനെ ഡൽഹിയിൽ എത്തി. ഉദ്ഘാടന ചടങ്ങിൽ വെച്ച് എമിൽ അണ്ണൻ എന്നോടു പറഞ്ഞു, സഹോദരാ, നിങ്ങൾ ഇവിടെ താമസിച്ച് പരിശീലനം നടത്തണം. അനുസരിക്കുക അല്ലാതെ മറ്റൊരു വഴിയില്ല. അങ്ങനെ എമിൽ അണ്ണന്റെ വാക്കുകളെ അനുസരിച്ച് ഞാൻ ഡൽഹിയിൽ താമസിച്ചു. എന്റെ കുടുംബവും ഡൽഹിയിൽ എത്തുകയും കുഞ്ഞുങ്ങളുടെ പഠനം ഇവിടെ ആരംഭിച്ചു. പരിശീലന കേന്ദ്രം 3 മാസത്തിനുള്ളിൽ ഗോരഖ്പൂരിലേക്ക് മാറി. എന്റെ കുടുംബത്തെ ഡൽഹിയിൽ നിന്നും ഗോരഖ്പൂരിലേക്ക് കൊണ്ടു വരേണ്ടതായി വന്നു. ഞങ്ങൾ ദൈവശബ്ദത്തെ അനുസരിച്ചു. എന്നെ മാത്രമല്ല, എന്റെ കുടുംബത്തെയും എന്റെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തെയും ഞാൻ കർത്താവിനായി സമർപ്പിച്ചിരിക്കുന്നുവെന്ന് ഞാൻ എന്റെ ഭാര്യയോടും കുഞ്ഞുങ്ങളോടും പങ്കുവെച്ചു. എന്നാൽ ഇന്ന്, പിന്നിട്ട നാളുകളെ വിലയിരുത്തുമ്പോൾ വടക്കെ ഇന്ത്യയിൽ മഹത്തായ ശുശ്രൂഷയും, ആയിരക്കണക്കിനു മിഷനറിമാരെയും, ആയിരക്കണക്കിന് ആത്മാക്കളെയും ഞാൻ കാണുമ്പോൾ, ഞാൻ ലജ്ജിച്ചിട്ടില്ലെന്നും ശുശ്രൂഷ ഒരിക്കലും എന്നെ ലജ്ജിപ്പിച്ചിട്ടില്ല എന്നും എനിക്കറിയാം.

രണ്ടു വൃക്കകളും കണ്ണുകളും നഷ്ടപ്പെട്ട മോസസ് രാജശേഖർ അർത്ഥവത്തായ ഒരു ഗാനം ഒരു വേദിയിൽവെച്ച് ആലപിക്കുന്നത് കേട്ടപ്പോൾ ഞാൻ ആവേശഭരിതനായി. അദ്ദേഹം ഇപ്രകാരം പാടി, എനിക്ക് ജീവൻ നൽകിയ കർത്താവായ യേശുക്രിസ്തുവിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ എന്റെ ഹൃദയം എന്നെ പ്രേരിപ്പിക്കുന്നു. കണ്ണുകളും വൃക്കകളും നഷ്ടപ്പെട്ട ആൾക്ക് ഇത്രയും തീക്ഷ്ണതയുണ്ടെങ്കിൽ, നാം ക്രിസ്തുവിനുവേണ്ടി എന്താണ് നഷ്ടമാക്കുക? നമുക്ക് ക്രിസ്തുവിനോട് പ്രതിബദ്ധതയുണ്ടോ? ക്രിസ്തുവിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ നമ്മുടെ ഹൃദയം ഇന്ന് കൊതിക്കുന്നുണ്ടോ?

## പ്രാർത്ഥിച്ച് അയച്ചതിന് നന്ദി



22-06-24 ൽ വാസവ വിഭാഗക്കാർ അധിവസിക്കുന്ന ഗുജറാത്തിലെ ഹാണ്ടി വയലിൽ സുവിശേഷവുമായി പോകുന്നതിന് മിഷനറിയെ പ്രാർത്ഥിച്ച് അയച്ച കൊടൈക്കനാൽ സി.എസ്.ഐ ചർച്ച് പ്രസ്ബിറ്റർ ഇൻ ചാർജ് റവ.ജെ.ജഗദീഷ് കിരുബാകരനോടുള്ള നന്ദിയെ അറിയിക്കുന്നു. കൂടാതെ റവ.കെ.വേദമുത്തു, റവ.അജയ് നിർമ്മൽ, റവ.പ്രശാന്ത്, റവ.എ.പ്രസാദ്, പാസ്റ്റർ എം. ജോൺസൺ എന്നീ കർത്തൃദാസന്മാരോടും മിഷനറിയെ സന്ധിക്കുന്ന കുടുംബത്തോടുമുള്ള നന്ദി അറിയിക്കുന്നു. സുവിശേഷം എത്താത്ത ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുക എന്ന ദർശനത്തോടെ പ്രവർത്തിക്കുന്ന എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.- **പ്രാർത്ഥനാ കോഓർഡിനേറ്റർ, സഹോ. യേശുദാസ് ദുരൈസിംഗ്**

# നവാപാഡയിലെ നന്മ



2007 ൽ ചെന്നൈ, കോടമ്പാക്കത്തു നിന്ന് നമ്മുടെ ശുശ്രൂഷാ സഹകാരികൾ ഗുജറാത്ത് സംസ്ഥാനത്തിലെ ശുശ്രൂഷയുടെ വളർച്ച കാണുന്നതിന് വയലുകൾ സന്ദർശിച്ചു. അവർ പട്ടാഡി ഗ്രാമത്തിലെ ആരാധനാലയ സമർപ്പണ ശുശ്രൂഷയിൽ സംബന്ധിച്ചു. ഉച്ചയ്ക്കു ശേഷമുള്ള പ്രാർത്ഥനാ കൂടിവരവിൽ, അവിടെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ആവശ്യകത മനസ്സിലാക്കി ആ വിഷയത്തിനായി പ്രാർത്ഥിച്ചു. അതിന്റെ ഫലമായി 2009 ൽ നവാപാഡ വയൽ സഭയുടെ ക്യാമ്പസ്സിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുവാനിടയായി. 34 കുട്ടികളുമായി സ്കൂൾ ആരംഭിച്ചു. തുടർച്ചയായുള്ള പ്രാർത്ഥനയുടെ ഫലമായി കുട്ടികളുടെ എണ്ണം ക്രമേണ വർദ്ധിച്ചു. ഒരു കൂട്ടം ആളുകളുടെ പ്രയത്നത്തിന്റെ ഫലമായി സ്കൂളിന് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സാധിച്ചു. കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിന്റെ ഫലമായി 12-ാം ക്ലാസ്സ് വരെ പ്രവർത്തിക്കുന്ന ഹയർസെക്കൻഡറി സ്കൂൾ ആയി ഉയർത്തുന്നതിന് സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചു. പ്രാർത്ഥനാ സഹകാരികളുടെ എണ്ണം വർദ്ധിച്ചതോടെ സ്കൂളിലെ കുട്ടികളുടെ എണ്ണം 400 ആയി വർദ്ധിച്ചു. കഴിഞ്ഞ മൂന്നു വർഷത്തിനിടെ 12-ാം ക്ലാസ്സ് പൂർത്തിയാക്കിയ കുട്ടികൾ ഇപ്പോൾ കോളേജ് പഠനം തുടരുന്നു. വിവിധ മേഖലകളിൽ ബിരുദ കോഴ്സുകളിൽ പ്രവേശിച്ച നമ്മുടെ കുട്ടികൾ ഈ വിദ്യാലയത്തിന്റെ വളർച്ചയ്ക്കായി പ്രാർത്ഥിക്കുകയും മറ്റുള്ളവരെ അതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സ്കൂളിനെ മറ്റൊരു തലത്തിലേക്ക് കൊണ്ടുപോകാൻ സ്കൂളിന്റെ പ്രിൻസിപ്പൽ ശ്രീ.മാക്സ്വെല്ലിനൊപ്പം പ്രവർത്തിക്കുന്ന അധ്യാപകരുമുണ്ട്. അവരുടെ ആഗ്രഹങ്ങളെ ദൈവം സാധിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

നിലവിലെ വിദ്യാഭ്യാസ നിലവാരമനുസരിച്ച് കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് സ്കൂളുകളിൽ വലിയ പ്രാധാന്യമുണ്ട്. ചെന്നൈ, തമ്പാരത്തിലെ ചില കുടുംബങ്ങളുടെ പ്രയത്നഫലമായി 12 കമ്പ്യൂട്ടറുകൾ വാങ്ങി കമ്പ്യൂട്ടർ ലാബ് ക്രമീകരിക്കുവാൻ സാധിച്ചു. കുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ കാലതാമസം വരാതിരിക്കണം എന്ന കാര്യം മനസ്സിൽ വെച്ചുകൊണ്ട് ജൂൺമാസം അവസാനത്തോടെ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കാൻ കഴിഞ്ഞു. പാളയംകോട്ടൈയിൽ നിന്നുള്ള ശ്രീ. കരുണാകരൻ വയൽ സന്ദർശിക്കുകയും ആ സമയത്ത് ലാബിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകി. ദൈവം തന്റെ ശുശ്രൂഷകളെ അനുഗ്രഹിക്കട്ടെ. സുവിശേഷം എത്താത്ത ജനവിഭാഗങ്ങളിലെ കുട്ടികളെ ഇന്ത്യയിലെ നല്ല പൗരന്മാരാക്കി മാറ്റുന്നതിനും നവാപാഡ വയലിലെ സ്കൂൾ സംസ്ഥാനത്തിലെ ഏറ്റവും മികച്ച സ്കൂളായി മാറ്റുന്നതിനും എടുക്കുന്ന എല്ലാ പ്രയത്നങ്ങൾക്കായും തുടർന്നും പ്രാർത്ഥിച്ചാലും. സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അനുബന്ധ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ആളുകൾ മുന്നോട്ടു വരുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. സ്കൂളിന്റെ ആവശ്യങ്ങൾക്കായി കരങ്ങളെ നീട്ടിയ എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

**- സി.എസ്.ആർ.പ്രേം കുമാർ, തമ്പാരം**



# വയൽ വാർത്തകൾ



സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**ഭൂമിയെല്ലാം യഹോവയുടെ തേജസ്സുകൊണ്ടു നിറഞ്ഞിരിക്കും (സംഖ്യ: 14:21).**

**01. ജമ്മുകാശ്മീർ വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 361**

**സ്തോത്രത്തിന്:** റിഡിയാൻ ഗ്രാമത്തിലെ 5 കുടുംബങ്ങൾ വിശ്വാസത്തിലേക്ക് കടന്നുവരുകയും ആരാധനാകൂടിവരവിൽ സംബന്ധിക്കുകയും ചെയ്യുന്നതിനായി... ശുശ്രൂഷയെ എതിർത്തിരുന്ന സഹോ.കർമ്മചന്ദിനെ സുവിശേഷം രൂപാന്തരപ്പെടുത്തിയതിനായി... പൗണ്ടാരിയ, ജസ്വാൻ എന്നീ ഗ്രാമങ്ങളിൽ ശുശ്രൂഷയ്ക്കായി വാതിൽ തുറന്നതിനായി... മിഷനറി സഹോ.സഞ്ജെയുടെ കുടുംബജീവിതത്തിൽ ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചതിനായി....

**പ്രാർത്ഥനയ്ക്ക്:** വിശ്വാസം ഏറ്റുപറഞ്ഞ 4 പേരുടെ ആത്മീയ വളർച്ചയ്ക്കായി... തണ്ടവയലിലെ സ്കൂളിലെ കുഞ്ഞുങ്ങളുടെ അനുഗ്രഹത്തിനായി... ഗാഗോർ ഗ്രാമത്തിലെ ആരാധനാലയത്തിനാവശ്യമായ സ്ഥലം ലഭിക്കേണ്ടതിനായി.... ദൈവവചനം ശ്രവിച്ച ധർമ്മകുണ്ട് ഗ്രാമത്തിലെ ആളുകളുടെ രൂപാന്തരത്തിനായി....

**02. ഹിമാചൽപ്രദേശ് വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 711**

**സ്തോത്രത്തിന്:** ബാരോത് വയലിൽ നടത്തിയ രാത്രിയോഗങ്ങളിലൂടെ 4 പേർ വിശ്വാസത്തിലേക്ക് വന്നതിനായി... പാപക്ഷമ ലഭിച്ച 8 പേർ വിശ്വാസ പ്രഖ്യാപനം നടത്തിയതിനായി... 42 വയലുകളിലെ 140 ഗ്രാമങ്ങളിൽ നടത്തിയ അന്വേഷക കൂടിവരവുകളിലൂടെ പുതിയ ബന്ധങ്ങൾ ശുശ്രൂഷയ്ക്ക് ലഭിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** നമ്മുടെ മിഷനറി സഹോ.ഗുരുദേവ് കിഡ്നി സംബന്ധമായ രോഗത്താൽ ഭാരപ്പെടുന്നു; അദ്ദേഹത്തിന്റെ പൂർണ്ണസൗഖ്യത്തിനായി....പൂർണ്ണസമയ ശുശ്രൂഷയ്ക്കായി സമർപ്പിച്ച 10 പേർക്കായി... ദൈവവചനം പങ്കുവെച്ച 223 ഗ്രാമങ്ങളിൽ 30, 60, 100 മേനി വിളവുണ്ടാകേണ്ടതിനായി... ഗേഥ, ബംഗ്രാൻ എന്നീ വയലുകളിലെ വിശ്വാസികൾ അയൽ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കേണ്ടതിനായി...

**03. പഞ്ചാബ് വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 442**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ വിശ്വാസികളുടെ എണ്ണം 100 ആയി വർദ്ധിച്ചതിനായി.... കിഡ്നി സംബന്ധമായ രോഗത്തിൽ നിന്നും മിഷനറി സഹോ.നരേന്ദർ ഹർപാലിനെ ദൈവം വിടുവിച്ചതിനായി.... പ്രാർത്ഥനയുടെ ഫലമായി കോത്ലസാഹിയ ഗ്രാമത്തിലെ സഹോദരി രേഖയുടെ കുടുംബജീവിതത്തിൽ ദൈവം ഒരു പൈതലിനെ നൽകിയതിനായി... സുവിശേഷം ശ്രവിച്ചതിലൂടെ തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ക്രിസ്തുവിൽ വളരുന്ന 20 യുവാക്കൾക്കായി...

**പ്രാർത്ഥനയ്ക്ക്:** 10 ഗ്രാമങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന വിശ്വാസ പ്രഖ്യാപന ശുശ്രൂഷയുടെ ഒരുക്ക ക്ലാസ്സുകൾക്കായി... 45 ഗ്രാമങ്ങളിൽ നടത്തിയ രാത്രി യോഗങ്ങളുടെ അനുധാവന പ്രവർത്തനങ്ങൾക്കായി... പുതിയ വിശ്വാസിയായ സഹോ. ഹീരയുടെ സാക്ഷ്യം അനേകരെ രക്ഷയിലേക്ക് കൊണ്ടുവരേണ്ടതിനായി... ഗുർദാസ്പൂർ, ബഥിന്ദ ജില്ലകലിൽ നടക്കുന്ന ഫീൽഡു സർവ്വേയിൽ ദൈവീക മാർഗ്ഗനിർദ്ദേശം ഉണ്ടാകേണ്ടതിനായി...

**04. ഉത്തരാഖണ്ട് വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 104**

**സ്തോത്രത്തിന്:** സുവിശേഷം കേട്ട സഹോദരി ദീപയുടെ കുടുംബം വിശ്വാസത്തി

ലേക്ക് വരുകയും ആരാധനാ കൂടിവരവിൽ കടന്നുവരികയും ചെയ്യുന്നു... ശ്യാംപൂർ, ജയ്ദേവപൂർ എന്നീ ഗ്രാമങ്ങളിൽ ശുശ്രൂഷ ആരംഭിക്കുവാനിടയായി... പരസ്യയോഗങ്ങളിലൂടെ 52 പേരോടും കുട്ടികളുടെ ക്ലാസ്സുകളിലൂടെ 200 കുട്ടിക ളോടും സുവിശേഷം പങ്കുവെയ്ക്കാനിടയായി... പ്രതീത്നഗർ വയലിൽ നടക്കുന്ന ആരാധനാലയനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** വയലുകളിൽ തുടരുന്ന ഉപവാസപ്രാർത്ഥനയുടെ അനുഗ്രഹത്തി നായി...വിശ്വാസപ്രഖ്യാപനത്തിനായി ഒരുങ്ങുന്ന 20 പേർ വിശ്വാസത്തിൽ ബലപ്പെടേ ണ്ടതിനായി... ഭഗ്വാൻപൂർ ഗ്രാമത്തിൽ ശുശ്രൂഷ ആരംഭിക്കുന്നതിന് ദൈവീക മാർഗ്ഗ നിർദ്ദേശം ലഭിക്കേണ്ടതിനായി.... മിഷനറി സഹോ.പ്രദീപ്കുമാറി ന്റെ ഭാര്യ കവിത ഡ യാലിസിസിനു വിധേയാകുന്നു; സഹോദരിയുടെ പൂർണ്ണസൗഖ്യത്തിനായി .....

**05. ഹരിയാന** **വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 34**

**സ്തോത്രത്തിന്:** ജഡൗല ഗ്രാമത്തിൽ നടന്ന ക്യാംപിൽ 10 പേർ കർത്താവിനായി സമർപ്പിച്ചതിനായി... ദൈവം തങ്ങൾക്കു നൽകിയ സൗഖ്യം ദർബിന്ദ്, ആഷ, തുഷാർ എന്നീ സഹോദരങ്ങൾ മറ്റുള്ളവരോട് സാക്ഷിക്കുന്നതിനായി...16 വയലുകളിൽ നട ത്തുന്ന കുട്ടികളുടെ സ്കൂളുകൾ 470 കുഞ്ഞുങ്ങൾക്ക് പ്രയോജനപ്പെടുന്നതിനാ യി...സാഹാ വയലിൽ വിശ്വാസം ഏറ്റുപറഞ്ഞ 10 പേർക്കായി...

**പ്രാർത്ഥനയ്ക്ക്:** ക്ഷയരോഗിയായ സഹോ.സിംഗിന്റെ സൗഖ്യത്തിനായി... എതിർപ്പു കൾ നിലനിൽക്കുന്ന സേർസാ, ജട്ടികലാൻ എന്നീ ഗ്രാമങ്ങളിലെ മിഷനറിമാരുടെ സംരക്ഷണത്തിനായി... വിശ്വാസത്തിലേക്ക് വന്നതിനാൽ പ്രതിസന്ധി നേരിടുന്ന സഹോദരി മീനയുടെ സംരക്ഷണത്തിനായി... സോണിപത്, പൽവാൽ, ഫതേഹാ ബാദ് എന്നീ ജില്ലകളിൽ നിന്ന് മിഷനറിമാർ എഴുന്നേൽക്കേണ്ടതിനായി...

**06. രാജസ്ഥാൻ -ബൻസ്വാര** **വിശ്വാസ പ്രഖ്യാപനത്തിനായി ....: 459**

**സ്തോത്രത്തിന്:** ഭീംപുര ഗ്രാമത്തിലെ യുവാവായ രാമുവിന്റെ മാനസാന്തരത്തി ലൂടെ കുടുംബത്തിനു ലഭിച്ച സമാധാനത്തിനായി... വിശ്വാസം ഏറ്റുപറഞ്ഞ 20 പേർക്കായി... മസ്കാബഡാ ഗ്രാമത്തിലെ സഹോ.ലക്ഷ്മണന്റെ ഭവനം വേദപഠന കൂടിവരവിനായി തുറന്നതിനായി... പാഥി, വഗേരി എന്നീ ഗ്രാമങ്ങളിൽ നടത്തിയ കുട്ടികളുടെ ഇടയിലെ ശുശ്രൂഷ 230 കുഞ്ഞുങ്ങൾക്ക് പ്രയോജനപ്പെട്ടതിനായി... ഗർനാവതി ഗ്രാമത്തിലെ സഹോദരി ബബ്ലിക്ക് ലഭിച്ച സൗഖ്യംത്തിനായി...

**പ്രാർത്ഥനയ്ക്ക്:** സഹോ.ഭേരുവിന്റെ കുടുംബത്തിന്റെ ദാരിദ്ര്യം മാറേണ്ടതിനാ യി... രെഗാനിയ, രതൻപുര ഗ്രാമത്തിലെ ദൈവവചനം ശ്രവിച്ച വ്യക്തികളുടെ രൂപാന്തര ത്തിനായി... ഫീൽഡു സർവ്വേ നടക്കുന്ന സജ്ജൻഗഡ്, കുഷാൽഗഡ് താലൂക്കുക ളിൽ ശുശ്രൂഷയ്ക്കായി പുതിയ വാതിലുകൾ തുറക്കപ്പെടേണ്ടതിനായി...63 ആരാധ നാ കൂടിവരവുകൾ മറ്റു ഗ്രാമങ്ങളിൽ സുവിശേഷം ഘോഷിക്കേണ്ടതിനായി...

**07. ഉത്തർപ്രദേശ് - ലക്നൗ** **വിശ്വാസ പ്രഖ്യാപനത്തിനായി ...: 1476**

**സ്തോത്രത്തിന്:** ഷ്രദാ നഗർ ഗ്രാമത്തിൽ വേദപഠന കൂടിവരവ് ആരംഭിക്കാനിട യായതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 32 പേർക്കായി... സഹോ.വിശാലിന്റെ കുടുംബം കർത്താവിന്റെ വേലയ്ക്കായി സമർപ്പിച്ചതിനായി... പ്രാർത്ഥനയുടെ ഫല മായി സഹോ.രോഹന് ക്ഷയരോഗത്തിൽ നിന്നും ലഭിച്ച വിടുതലിനായി...

**പ്രാർത്ഥനയ്ക്ക്:** കസ്ത, ഗണേഷ്പൂർ എന്നീ ഗ്രാമങ്ങളിൽ ശുശ്രൂഷയ്ക്കായി അവ സരം ലഭിക്കേണ്ടതിനായി... ബഖാരി, മൊഹമ്മദ്പൂർ എന്നീ വയലുകളിലെ പുതിയ ആ രാധനാലയങ്ങളുടെ സമർപ്പണ ശുശ്രൂഷയുടെ ഒരുക്ക പ്രവർത്തനങ്ങൾക്കായി... അന്വേഷക കൂടിവരവുകൾ നടക്കുന്ന ജമുനിയ ഗ്രാമത്തിലെ ആളുകളുടെ രൂപാ ന്തരത്തിനായി...ഓയൽ വയലിൽ നിർമ്മാണത്തിലായിരിക്കുന്ന ആരാധനലയ ത്തിന്റെ പൂർത്തീകരണത്തിനായി...

**08. ഉത്തർപ്രദേശ്- ഭോജ്പുരി** **വിശ്വാസ പ്രഖ്യാപനത്തിനായി .....: 1130**

**സ്തോത്രത്തിന്:** 138 ഗ്രാമങ്ങളിൽ നടത്തിയ അന്വേഷക കൂടിവരവിൽ ഫലമായി 157 പേർ സുവിശേഷത്തോട് താല്പര്യം കാണിച്ചതിനായി... പുതിയതായി ആരാധനാ കൂടിവരവിൽ സംബന്ധിക്കുന്ന 34 ഭോജ്പുരി കുടുംബങ്ങൾക്കായി.... വീണ്ടും ജനനം പ്രാപിച്ച സഹോ.ജിതേന്ദ്ര കുമാർ തന്റെ അനുഭവം മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നതിനായി... സുവിശേഷം ശ്രവിക്കുന്നതിന് ആഗ്രഹിക്കുന്ന കോൽകം, മുസാഹി എന്നീ ഗ്രാമങ്ങളിലെ ആളുകൾക്കായി....

**പ്രാർത്ഥനനയ്ക്ക്:** ക്ഷയരോഗത്താൽ ഭാരപ്പെടുന്ന ഘുരീപൂർ ഗ്രാമത്തിലെ സഹോദരി അഞ്ജലി ദേവിയുടെ സൗഖ്യത്തിനായി... പാലി, ഖജൂരി എന്നീ ഗ്രാമങ്ങളിൽ അധിവസിക്കുന്ന ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടേണ്ടതിനായി... പുതിയ വയലുകളിൽ തയ്യൽ ക്ലാസ്സുകൾ ആരംഭിക്കേണ്ടതിനായി.... ന്യൂവാഡ വയലിലെ ആരാധനാലയ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി... 16 വയലുകളിൽ ആരാധനാലയത്തിന് അനുയോജ്യമായ സ്ഥലം വാങ്ങേണ്ടതിനായി...

**09. ബീഹാർ** **വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 880**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 18 പേർക്കായി... കുട്ടികൾക്കുള്ള ക്ലാസ്സുകളിലൂടെ തിരുവെഴുത്തുകളിൽ നിന്നുള്ള കഥകൾ 863 കുട്ടികൾക്ക് പറഞ്ഞുകൊടുക്കുവാൻ സാധിച്ചതിനായി... ബക്സർ ജില്ലയിലെ 63 ഗ്രാമങ്ങൾ ഫീൽഡു സർവ്വേയിലൂടെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തതിനായി...5 വയലുകളിൽ നടത്തിയ യൂത്ത്ക്യാംപുകളുടെ ഫലമായി ശുശ്രൂഷയിൽ ഉണ്ടായ വളർച്ചയ്ക്കായി...

**പ്രാർത്ഥനയ്ക്ക്:** ഭോജ്പുരി വിഭാഗക്കാരായ വിശ്വാസികളുടെ കൺവെൻഷന്റെ ഒരുക്ക പ്രവർത്തനങ്ങൾക്കായി.... വയലുകളിൽ നിർമ്മിച്ചിരിക്കുന്ന 7 ആരാധനാലയങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കേണ്ടതിനായി... നക്കിചക് ഗ്രാമത്തിലെ വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കായി... വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്ന 10 വയലുകളിൽ ആരാധനാലയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിനായി....

**10. ജാർഖണ്ട്** **വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 625**

**സ്തോത്രത്തിന്:** ഹാരൂപ് വയലിൽ നടത്തിയ രാത്രി യോഗം 60 പേർക്ക് അനുഗ്രഹമായതിനായി... പാപം ഏറ്റുപറഞ്ഞ് വിശ്വാസപ്രഖ്യാപനം നടത്തിയ 22 പേർക്കായി... ഒറാവോ വിശ്വാസികളുടെ കൺവെൻഷനെത്തുടർന്ന് ഭർനോ ഗ്രാമത്തിൽ ശുശ്രൂഷയ്ക്കായി വാതിൽ തുറന്നതിനായി... അന്വേഷക കൂടിവരവിലൂടെ 68 പേരോട് യേശുവിന്റെ സ്നേഹം പങ്കുവെയ്ക്കാനിടയായി....

**പ്രാർത്ഥനയ്ക്ക്:** പുതിയ വിശ്വാസിയായ സഹോ.ശ്യാം ഭുയാൻ ആരംഭിച്ച ഇഷ്ടിക ച്ചൂളയുടെ പ്രവർത്തനം അനുഗ്രഹകരമാകേണ്ടതിനായി...തുരിയമ്പ, കെനാബിഥ എന്നീ വയലുകളിൽ വിശ്വാസികളുടെ എണ്ണം വർദ്ധിക്കേണ്ടതിനായി.... കഴിഞ്ഞ 8 വർഷമായി മാനസിക രോഗത്താൽ ഭാരപ്പെടുന്ന കരിഷ്മയുടെ സൗഖ്യത്തിനായി... മിഷനറി ഇമ്മാനുവേൽ കുജുറിന്റെ വേർപാടിൽ ദുഃഖിക്കുന്ന വിശ്വാസികളുടെയും ആശ്വാസത്തിനായി...

**11. വെസ്റ്റ്ബംഗാൾ- കൂച്ച്ബഹാർ** **വിശ്വാസ പ്രഖ്യാപനത്തിനായി .....: 4**

**സ്തോത്രത്തിന്:** ഡിപൂലൈൻ ഗ്രാമത്തിൽ ലഘുലേഖ വിതരണത്തിലൂടെ 60 പേരോട് ദൈവത്തിന്റെ സ്നേഹം പങ്കുവെയ്ക്കാനിടയായി... 4 വർഷങ്ങൾക്കു ശേഷം തലമുറയെ ലഭിച്ച സഹോ.ആശ്രിതയും കുടുംബവും തങ്ങളുടെ സാക്ഷ്യം മറ്റുള്ളവരുമായി പങ്കുവെച്ചതിനായി... ധോവാല ബസ്തി ഗ്രാമത്തിലെ സുവിശേഷം ശ്രവിച്ച 3 കുടുംബങ്ങൾ യേശുവിനെക്കുറിച്ച് കൂടുതൽ അറിയുന്നതിന് താല്പര്യം കാണിക്കുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** മാനസിക രോഗത്താൽ ഭാരപ്പെടുന്ന 26 വയസ്സുള്ള സഹോ.അരുണിന്റെ സൗഖ്യത്തിനായി... റൂയിദുംഗ വയലിലെ ആളുകൾക്ക് റോഡ് സൗകര്യങ്ങൾ ലഭിക്കേണ്ടതിനായി... സുവിശേഷ വേലയെ എതിർക്കുന്ന സഹോ.സുകുമാറിനായി... മോതിറാം ലൈനിലും, ഉത്തര പനിയേൽ ഗുഡി വയലിലും പ്രവർത്തിക്കുന്ന മിഷനറി

മാർക്ക് താമസിക്കുന്നതിനുള്ള ഭവനം നിർമ്മിക്കുന്നതിന്...

**12. വെസ്റ്റ്ബംഗാൾ- ഡാർജലിംഗ് വിശ്വാസ പ്രഖ്യാപനത്തിനായി .....: 41**

**സ്തോത്രത്തിന്:** തൈപൂ വയലിലെ ആരാധനാ കൂടിവരവിൽ 3 പുതിയ കുടുംബങ്ങൾ സംബന്ധിക്കുന്നു.... ദൈവവചനം ശ്രവിച്ച സഹോ.അജയ് ലഹരി മരുന്ന് ഉപേക്ഷിച്ചതിനായി.... 10 പേർ സംബന്ധിക്കുന്ന ഒരു വേദപഠന കൂടിവരവ് സഹോ.കവാലിന്റെ ഭവനത്തിൽ ആരംഭിക്കുവാൻ ഇടയായതിനായി... സഹോ.ഉർമ തന്റെ ഭവനം സുവിശേഷവേലയ്ക്കായി തുറക്കുകയും 21 പേർ ദൈവത്തിന്റെ സ്നേഹം രുചിച്ചറിയുകയും ചെയ്തതിനായി...

**പ്രാർത്ഥനയ്ക്ക്:** ബിജെലിമോനി, കമാല എന്നീ ഗ്രാമങ്ങളിൽ തുടരുന്ന അന്വേഷക സമ്മേളനങ്ങൾ ഫലപ്രദമാകേണ്ടതിനായി... കാന്തിവിത ഗ്രാമത്തിൽ സുവിശേഷം ശ്രവിച്ച 36 പേരുടെ രൂപാന്തരത്തിനായി... മാനസീകരോഗത്താൽ ഭാരപ്പെടുന്ന തോമസ് കുജുറിന്റെ സൗഖ്യത്തിനായി... രതൻലാൽ പള്ളി ഗ്രാമത്തിൽ ആരംഭിച്ച കുട്ടികളുടെ ഇടയിലെ ശുശ്രൂഷ ഫലപ്രദമാകേണ്ടതിനായി...

**13. വെസ്റ്റ്ബംഗാൾ - കൊൽക്കൊത്ത വിശ്വാസ പ്രഖ്യാപനത്തിനായി ....: 188**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 18 പേർക്കായി.... 85 ഗ്രാമങ്ങളിൽ നടത്തിയ അന്വേഷക കൂടിവരവിലൂടെ ശുശ്രൂഷയ്ക്ക് ലഭിച്ച പുതിയ ബന്ധങ്ങൾക്കായി.... ശുശ്രൂഷാ കോഓർഡിനേറ്ററായ സഹോ.ബികാഷ് മുല്ലിക്കിന്റെ മകൻ സുബ്രജ്യോതിയ്ക്ക് ലഭിച്ച സൗഖ്യത്തിനായി.... ധരാൻ, ഖർനാ എന്നീ ഗ്രാമങ്ങളിൽ ആരാധനാ കൂടിവരവ് ആരംഭിക്കാൻ ഇടയായതിനായി....

**പ്രാർത്ഥനയ്ക്ക്:** പുതിയ ആരാധനാലയം ലഭിച്ച ഗോനുവ വയലിലെ വിശ്വാസികൾ അയൽക്കാരോട് സുവിശേഷം പങ്കുവെയ്ക്കേണ്ടതിനായി... എസ്രാ ക്യാംപിലൂടെ പുതിയ 50 മിഷനറിമാരെ തെരഞ്ഞെടുക്കുന്നതിന് ദൈവീക മാർഗ്ഗനിർദ്ദേശം ലഭിക്കേണ്ടതിനായി....പുതിയ വിശ്വാസികളായ നാദു മണ്ഡി, മമത ധാരാ എന്നിവർ ആത്മീകമായി അനുഗ്രഹിക്കപ്പെടേണ്ടതിനായി...

**14. സിക്കീം വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 38**

**സ്തോത്രത്തിന്:** ഥോകതാർ ഗ്രാമത്തിൽ ദൈവം ശുശ്രൂഷയ്ക്കായി സഹോ.ഭൗസാൻ റായിയെ നൽകിയതിനായി...വിശ്വാസം ഏറ്റുപറഞ്ഞ 7 പേർക്കായി.... പൂർണ്ണസമയ ശുശ്രൂഷയ്ക്കായി സമർപ്പിച്ച 3 യുവാക്കൾക്കായി....പാക്യോംഗ്, ഗ്യാൽഷിംഗ്, ഗാംഗ്ടോക് എന്നീ ജില്ലകളിലെ 90 ഗ്രാമങ്ങൾ ഫീൽഡ് സർവ്വേയിലൂടെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തതിനായി....

**പ്രാർത്ഥനയ്ക്ക്:** വിശ്വാസം മൂലം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന സഹോദരി സുനിത ലിമ്പുവിന്റെ ദൈവീക സംരക്ഷണത്തിനായി....ലോവർ റിമ്പി, ലോവർ ഭാലുഥംഗ് എന്നീ വയലുകളിലെ മിഷനറിമാർക്ക് താമസിക്കുന്നതിന് ഭവനങ്ങൾ ആവശ്യമായിരിക്കുന്നു.... പുതിയ വിശ്വാസകളായ കിരൺ ഥാപ്, യോംഗൽ ലെപ്ച്ച എന്നിവരുടെ ആത്മീയ വളർച്ചയ്ക്കായി...

**15. ആസ്സാം വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 114**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 6 പേർക്കായി... രംഗിഝോര ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ സംബന്ധിക്കുന്ന 5 പുതി സന്താലി കുടുംബങ്ങൾക്കായി... മോംഗൽ സോറെൻ, സൊപ്ന മാർദി എന്നിവർ വിശ്വാസത്തിലേക്ക് വന്നതിനായി... ഹേമെയിലെംഗതേ, ബോയികുവഗാവോ എന്നീ മേഖലയിൽ ശുശ്രൂഷയ്ക്ക് തുറന്ന വാതിലുകൾ ലഭിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** മോഹൻപൂർ ഗ്രാമത്തിൽ നടക്കുന്ന അന്വേഷക കൂടിവരവിൽ പുതിയ ആളുകൾ വരേണ്ടതിനായി... സൻശ്രീ, ഭുർണിമ എന്നീ സഹോദരങ്ങൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി... ഹാതിദുബ ഗ്രാമത്തിലെ യുവാക്കളെ സുവിശേഷത്തിലൂടെ സഹായിക്കാൻ എടുക്കുന്ന പ്രയത്നങ്ങൾക്കായി.... കനത്ത മഴയും

വെള്ളപ്പൊക്കവും മൂലം വസ്തുവകകളും മറ്റും നഷ്ടപ്പെട്ടവരെ പുനഃരധിവസിപ്പിക്കേണ്ടതിനായി...

**16. മണിപ്പൂർ വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 78**

**സ്തോത്രത്തിന്:** ആദ്യമായി സുവിശേഷം ശ്രവിച്ച 342 പേർക്കായി... ഹീനോബൌക് വയലിലെ ശുശ്രൂഷയെ എതിർത്തിരുന്ന 5 കുടുംബങ്ങൾ രക്ഷിക്കപ്പെട്ടതിനായി... വിശ്വാസപ്രഖ്യാപന ശുശ്രൂഷയ്ക്കായി ഥോമ്പ, റാണിബാല എന്നീ സഹോദരങ്ങളുടെ ഭവനം വേദപഠന കൂടിവരവിനായി തുറന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** ജിരിബാം പ്രവിശ്യയിൽ സമാധാനം ഉണ്ടാകേണ്ടതിനായും ജനങ്ങൾ ഐക്യത്തോടെ ജീവിക്കേണ്ടതിനായും.... ദൈവമക്കൾക്കെതിരെ പ്രവർത്തിക്കുന്ന പ്രമോദ് സിംഗ്, ഖുമോജമ്പ എന്നിവരുടെ രൂപാന്തരത്തിനായി... ക്ഷയരോഗത്താലും കാൻസർ രോഗത്താലും ഭാരപ്പെടുന്ന സഹോ.തിമ്പിയുടെ സൗഖ്യത്തിനായി... വസ്തുവകകളും പ്രിയപ്പെട്ടവരെയും നഷ്ടപ്പെട്ട് അഭയാർത്ഥി ക്യാംപിൽ കഴിയുന്ന ആളുകളുടെ ഉപജീവനത്തിനായി....

**17. ത്രിപുര വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 228**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 39 പേർക്കായി... അഥൈബരികാമി ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ 2 കുടുംബങ്ങൾ പുതിയതായി സംബന്ധിക്കുന്നതിനായി.... പോംഗ്കാമി ഗ്രാമത്തിൽ നടക്കുന്ന അന്വേഷക കൂടിവരവിലൂടെ ശുശ്രൂഷയ്ക്ക് അവസരങ്ങൾ ലഭിച്ചതിനായി.... പുതിയതായി നിർമ്മിച്ച 4 ആരാധനാലയങ്ങളുടെ സമർപ്പണ ശുശ്രൂഷകൾ അനുഗ്രഹകരമായി നടന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** റുഥൈകാമി വയലിലെ വിശ്വാസികൾ മറ്റുള്ളവരോട് സുവിശേഷം പങ്കുവെയ്ക്കേണ്ടതിനായി... ഗുംസിംഗ് വയലിൽ നിലനിൽക്കുന്ന എതിർപ്പുകൾ മാറേണ്ടതിനായി...ചെച്ചുവാകാമി വയലിലെ സഭാമൂപ്പന്റെ വേർപാടിൽ ദുഃഖിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി... കഴിഞ്ഞ 7 വർഷമായി തലമുറകളില്ലാതെ ഭാരപ്പെടുന്ന കുൻജോ-അമൃത ദമ്പതികൾക്കായി....

**18. ഒഡീഷ - ഗഞ്ചം, ഗജപതി വിശ്വാസ പ്രഖ്യാപനത്തിനായി .....: 623**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 44 പേർക്കായി... ജംഗ്താർ, ലുബാ, സബലദാ എന്നീ വയലുകളിൽ ശുശ്രൂഷയെ എതിർത്തവരെ ക്രിസ്തുവിന്റെ സ്നേഹം സ്പർശിച്ചതിനായി.... ഥാനാഗാവ്, അദിയാർ, കുരുഗുഡ എന്നീ വയലുകളിൽ ആരാധനാ കൂടിവരവ് ആരംഭിക്കുവാനിടയായി... തന്നെ കൊല്ലുവാൻ വന്നവരുടെ കയ്യിൽ നിന്നും ദൈവം വിശ്വാസിയായ സഹോ.ഘഷിറാമിനെ രക്ഷിച്ചതിനായി....

**പ്രാർത്ഥനയ്ക്ക്:** പത്രാപൂർ താലൂക്കിലെ ഫീൽഡു സർവ്വേയിലൂടെ തെരഞ്ഞെടുത്ത 50 ഗ്രാമങ്ങളിൽ മിഷനറിമാരെ അയയ്ക്കേണ്ടതിനായി... ലംഗലാകുനിയ പ്രവിശ്യയിലെ ശുശ്രൂഷ നടക്കുന്ന 118 ഗ്രാമങ്ങളുടെ രൂപാന്തരത്തിനായി... അൻകുലി, ബുരാതൽ എന്നീ പ്രവിശ്യകളിൽ ശുശ്രൂഷയ്ക്കായി മിഷനറിമാരെ അയയ്ക്കുന്നതിന് ദൈവീക നിർദ്ദേശം ഉണ്ടാകേണ്ടതിനായി... സംഗീതത്തിലൂടെ സുവിശേഷം ഘോഷിക്കുന്ന മിഷനറി സഹോ. സന്തോഷിന്റെ പ്രയത്നങ്ങൾ ഫലപ്രദമാകേണ്ടതിനായി...

**19. ഒഡീഷ-ഹൊ, സന്താലി പ്രവിശ്യ വിശ്വാസ പ്രഖ്യാപനത്തിനായി ...: 362**

**സ്തോത്രത്തിന്:** യേശു എന്റെ രക്ഷിതാവ് എന്ന് ഉറക്കെ പ്രഖ്യാപിച്ച 25 പേർക്കായി.... ഹൊ, സന്താലി വിശ്വാസികൾക്കായി 3 ആരാധനാലയങ്ങൾ നിർമ്മിച്ചു നൽകിയതിനായി... ശിഖർഘട്ടി വയിലിലെ വിശ്വാസികൾക്കിടയിൽ ആത്മീയ പരിവർത്തനത്തിനായും വചനത്തിനായുള്ള ആഗ്രഹത്തിനായും.... പൂർണ്ണസമയ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്ത 15 യുവാക്കൾക്ക് പരിശീലനം നൽകുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** കദംഘ്തല വയൽ സഭയിലെ വിശ്വാസികൾ അയൽക്കാരോട് സുവിശേഷം പങ്കിടേണ്ടതിനായി.... നിർമ്മാണത്തിന്റെ അവസാനഘട്ടത്തിൽ എത്തയിരിക്കുന്ന 5 വയലുകളിലെ ആരാധനാലയ നിർമ്മാണം വേഗത്തിൽ പൂർത്തിയാകേണ്ട

തിനായി.... കരംഗ്ജിയ ഗ്രാമത്തിൽ ഒരു പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിന് എടുക്കുന്ന പ്രയത്നങ്ങൾക്കായി...ഉപവാസ പ്രാർത്ഥന തുടരുന്ന സുഖിലാവലി, ബാഗുവാപാൽ എന്നീ വെബ്സെന്ററുകളിൽ അത്ഭുതങ്ങൾ നടക്കേണ്ടതിനായി....

**20. ഒഡീഷ-കുയി, സമ്പാൽപുരി വിശ്വാസ പ്രഖ്യാപാനത്തിനായി ....: 268**

**സ്തോത്രത്തിന്:** ഖെതാപജു മേഖലയിൽ സുവിശേഷ ഘോഷണത്തിനായി ക്ഷണം ലഭിച്ചതിനായി... നഹാദിസാരു ഗ്രാമത്തിലെ 6 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി....പ്രേംജഹാരി ഗ്രാമത്തിൽ ആരാധനാകൂടിവരവ് ആരംഭിക്കുന്നതിനും ബന്ധുലി ഗ്രാമത്തിൽ ആരാധനാലയ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം വാങ്ങിയതിനായി... സമ്പാൽപുരി വിഭാഗക്കാർ അധിവസിക്കുന്ന മേഖലയിലെ 150 ഗ്രാമങ്ങൾ ഫീൽഡു സർവ്വേയിലൂടെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തതിനായി...

**പ്രാർത്ഥനയ്ക്ക്:** കദലിപാളി ഗ്രാമത്തിലെ വേദപഠന കൂടിവരവ് ആരാധനാ കൂടിവരവായി മാറേണ്ടതിനായി... ഒഡീഷയുടെ പടിഞ്ഞാറൻ മേഖലയിൽ ശുശ്രൂഷ ചെയ്യുന്ന 5 മിഷനറിമാർക്ക് സൈക്കിൾ ആവശ്യമായിരിക്കുന്നു... പനശപ്ദി വയിൽ ക്രമീകരിച്ചിരിക്കുന്ന കുയി വിശ്വാസികളുടെ കൺവെൻഷനായി... ലാഥെർ വയലിലെ മിഷനറിയെ എതിർക്കുന്നവരുടെ രൂപാന്തരത്തിനായി...

**21. ഒഡീഷ -റായഗഡ വിശ്വാസ പ്രഖ്യാപനത്തിനായി .....: 268**

**സ്തോത്രത്തിന്:** മധു സുധൻപൂർ ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ 4 പേർ പുതിയതായി സംബന്ധിക്കുന്നതിനായി...പഞ്ചപന്ദബോ വയലിൽ നടത്തിയ യൂത്ത് ക്യാംപിൽ സംബന്ധിച്ച 54 പേർക്കായി... ഈ ക്യാംപ് ശുശ്രൂഷയുടെ വളർച്ചയ്ക്ക് കാരണമാകുന്നതിനായി... ശ്രീറാംപൂർ, മാരിഗുഡ എന്നീ ഗ്രാമത്തിലെ വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്നതിനായി... സഹോദരി ലക്ഷ്മിയിലൂടെ ഘോനാന്ത്രി വയലിൽ ശുശ്രൂഷയ്ക്ക് പുതിയ ബന്ധങ്ങൾ ലഭിച്ചു...

**പ്രാർത്ഥനയ്ക്ക്:** കുപ്രിഗുഡ ഗ്രാമത്തിലെ വിശ്വാസം ഏറ്റുപറഞ്ഞ 4 പേരിലൂടെ അവരുടെ കുടുംബം യേശുവിനെ അറിയേണ്ടതിനായി... നുവാഗാവ് ഗ്രാമത്തിലെ യുവാക്കൾ യേശുകർത്താവിനായി തങ്ങളുടെ ജീവിതങ്ങളെ സമർപ്പിക്കേണ്ട തിനായി... സിന്ദൽഗുഡ ഗ്രാമത്തിലെ മദ്യത്തിന് അടിമകളായിരിക്കുന്ന കുടുംബങ്ങളുടെ വിടുതലിനായി...ബോർലേന്ദി, ഹിക്കിരിബുഡ എന്നീ ഗ്രാമങ്ങളുടെ ലീഡർമാരുടെ രൂപാന്തരത്തിനായി...

**22. ഛത്തീസ്ഗഡ് -റായ്പൂർ വിശ്വാസ പ്രഖ്യാപനത്തിനായി ...: 30**

**സ്തോത്രത്തിന്:** ധംതാരി ജില്ലയിലെ 50 വയലുകൾ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തതിനായി... സോൻപുരി, റ്റാറ്റാ ബിലാസ്പൂർ എന്നീ ഗ്രാമങ്ങളിൽ ആരാധനാ കൂടിവരവ് ആരംഭിച്ചതിനായി.... 75 ഗ്രാമങ്ങളിൽ നടത്തിയ അന്വേഷക കൂടിവരവിലൂടെ 760 പേരോട് സുവിശേഷം പങ്കുവെയ്ക്കാനിടയായി...

**പ്രാർത്ഥനയ്ക്ക്:** റായ്പൂർ വെബ്സെന്ററിന് ഒരു കംപ്യൂട്ടറും ഇരുചക്രവാഹനവും ലഭിക്കേണ്ടതിനായി... തയ്യൽ ക്ലാസ്സുകളിലൂടെയും സാമൂഹ്യ വികസനത്തിലൂടെയും അഭൻപൂർ, മന്ദിർഹസൗദ് എന്നീ ഗ്രാമങ്ങളിലെ ആളുകളെ സഹായിക്കാനുള്ള ശ്രമങ്ങൾക്കായി... ഗുല്ലു ഗ്രാമത്തിലെ വിശ്വാസികൾ സുവിശേഷ ഘോഷണത്തിൽ പങ്കാളികളാകേണ്ടതിനായി... വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്ന ദുരുഗ് ഗ്രാമത്തിൽ ആരാധനാലയത്തിന് ആവശ്യമായ സ്ഥലം ലഭിക്കേണ്ടതിനായി...

**23. ഛത്തീസ്ഗഡ്- ചമ്പ വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 140**

**സ്തോത്രത്തിന്:** സുവിശേഷം കേട്ട് ലഹരി ഉപേക്ഷിച്ച സഹോ.ജൈധാൻ ടോപോയ്ക്കായി... വിശ്വാസം ഏറ്റുപറഞ്ഞ 9 പേർക്കായി... കഴിഞ്ഞ് 5 വർഷമായി പൈശാചിക ശക്തിയാൽ ഭാരപ്പെട്ടിരുന്ന സഹോ.നിരേഷ് ഭായിയെ ദൈവം വിടുവിച്ചതിനായി.... വിശ്വാസികൾക്ക് പ്രയാസങ്ങൾ സൃഷ്ടിച്ചിരുന്ന മദ്യപാനിയായ സഹോ.സന്ദീപിനെ ദൈവം മദ്യപാനത്തിൽ നിന്നും വിടുവിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** കഴിഞ്ഞ 1 വർഷമായി മാനസിക രോഗത്താൽ ഭാരപ്പെടുന്ന സഹോ.അജയ് ടിർക്കിയുടെ സൗഖ്യത്തിനായി...ലൈഗു, കോത്രിപാനി എന്നീ ഗ്രാമങ്ങളിൽ ആരാധനാ കൂടിവരവുകൾ ആരംഭിക്കേണ്ടതിനായി...സഹോ.ഭോലാ കുമാറിനെ ദൈവം മദ്യപാനത്തിൽ നിന്നും വിടുവിക്കേണ്ടതിനായി... കഴിഞ്ഞ മൂന്നു വർഷമായി ആസ്തമയാലും കിഡ്നി സംബന്ധമായ രോഗത്താലും ഭാരപ്പെടുന്ന സഹോ. സൊമാരുവിന്റെ സൗഖ്യത്തിനായി...

**24. മധ്യപ്രദേശ് വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 621**

**സ്തോത്രത്തിന്:** 8 വർഷങ്ങൾക്കു ശേഷം സഹോദരി രാധയുടെ കുടുംബ ജീവിതത്തിൽ ദൈവം ഒരു പൈതലിനെ നൽകിയത് അവർ മറ്റുള്ളവരോട് സാക്ഷിക്കുന്നതിനായി... ലഹരിയിൽ നിന്നും വിടുതൽ ലഭിച്ച സഹോ.രമേഷ് സുവിശേഷത്തിനായി സ്വയം സമർപ്പിച്ചതിനായി... പുതിയ വിശ്വസിയായ സഹോ.സന്ദീപ് ശുശ്രൂഷയ്ക്കായി തന്റെ ഭവനം തുറന്നതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 3 പേർക്കായി...

**പ്രാർത്ഥനയ്ക്ക്:** ചാവനി വയലിൽ ആരാധനാ കൂടിവരവ് ആരംഭിക്കേണ്ടതിനായി... മിഷനറി സഹോ.ശങ്കർ സിംഗാളിനെതിരെ പ്രവർത്തിക്കുന്ന സുവിശേഷ വിരോധികൾക്കായി... ദൈവവചനം ശ്രവിച്ച ബാവ്ദി ഗ്രാമത്തിലെ സഹോ.പർസിംഗിന്റെ മാനസാന്തരത്തിനായി... പുതിയ വിശ്വാസികളായ സുനിൽ, കനഹയ്യ എന്നീ സഹോദരങ്ങളിലൂടെ അനേകർ വിശ്വാസത്തിലേക്ക് വരേണ്ടതിനായി...

**25. ഗുജറാത്ത് - അഹമ്മദ്ബാദ് വിശ്വാസ പ്രഖ്യാപനത്തിനായി ....: 484**

**സ്തോത്രത്തിന്:** നായക് വയലിലെ മിഷനറിയായ സഹോ.ദിനേശ് ഭായിയ്ക്ക് താമസിക്കുന്നതിന് വാടക വീട് ലഭിച്ചതിനായി... വങ്കാദി വയലിലെ ശുശ്രൂഷയിൽ സഹോ.ലഖ ഭായിയുടെ പങ്കാളിത്തത്തിനായി...കേദിയ ഗ്രാമത്തിലെ ഒരു ആദ്യകാല വിശ്വാസി തന്റെ സ്ഥലം ആരാധനാലയ നിർമ്മാണത്തിനായി സമർപ്പിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** ദൈവകൃപയാൽ അരവള്ളി ജില്ലയിൽ ശുശ്രൂഷയ്ക്കായി വാതിൽ തുറന്നതിനായി... പൈശാചിക ശക്തിയാൽ ഭാരപ്പെടുന്ന സഹോ.പങ്കജിന്റെ വിടുതലിനായി... വിശ്വാസത്തിൽ നിന്നും പിന്മാറ്റത്തിലേക്ക് പോയ ഹമിർഭായി, വീർസിംഗ് ഭായി, രഞ്ജിത്ത് ഭായി എന്നിവരുടെ മടങ്ങി വരവിനായി... കാദിയാവ് വയലിലെ ആരാധനാലയ നിർമ്മാണത്തിന്റെ ഒരുക്കപ്രവർത്തനങ്ങൾക്കായി...

**26. ഗുജറാത്ത്- ദാംഗ് ജില്ല വിശ്വാസ പ്രഖ്യാപനത്തിനായി ......: 38**

**സ്തോത്രത്തിന്:** ബിബുപാഡ വയലിൽ ആരാധനാലയ നിർമ്മാണം ആരംഭിക്കുവാൻ ഇടയായതിനായി... 3 ശുശ്രൂഷാ കേന്ദ്രങ്ങളിലായി പ്രവർത്തിക്കുന്ന സ്കൂളുകൾ 79 കുഞ്ഞുങ്ങൾക്ക് അനുഗ്രഹമാകുന്നതിനായി... സുവിശേഷം ശ്രവിച്ച സഹോ.മഗൻ ഭായി മദ്യപാനം ഉപേക്ഷിച്ചതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 10 പേർക്കായി ...

**പ്രാർത്ഥനയ്ക്ക്:** ഉകലപാനി ഗ്രാമത്തിലെ എനധികൃത മദ്യം ഉണ്ടാക്കുകയും ചീട്ടുകളി നടത്തുകയും ചെയ്യുന്നവർക്കായി... കദ്മാൽ, മഹർദർ എന്നീ ഗ്രാമങ്ങളിൽ ആരാധനാലയത്തിനാവശ്യമായ സ്ഥലത്തിന്റെ രജിസ്ട്രേഷന്റെ പൂർത്തീകരണത്തിനായി.... 50 മിഷനറിമാരിലൂടെ 250 ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുക എന്ന ദാംഗ് ജില്ലയുടെ ദൗത്യം പൂർത്തീകരിക്കേണ്ടതിനായി... 19 പുതിയ ഗ്രാമങ്ങൾ മിഷനറിമാരെ അയയ്ക്കേണ്ടതിനായി കാത്തിരിക്കുന്നു; സമർപ്പണമു ള്ള മിഷനറിമാരെ ലഭിക്കേണ്ടതിനായി....

**27. മഹാരാഷ്ട്ര വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 11**

**സ്തോത്രത്തിന്:** നന്ദേദ് മേഖലയിൽ ക്രിസ്തുവിനെക്കുറിച്ചുള്ള രക്ഷാകരമായ അറിവിലേക്ക് എത്തിയ രൂപാലി, നാഗ് നാഥ് എന്നീ സഹോദരങ്ങളുടെ കുടുംബങ്ങൾക്കായി... പുതിയ ആരാധനാലയം ലഭിച്ച സുലേസാരി വയലിലെ വിശ്വാസികൾ സുവിശേഷം അയൽക്കാരുമായി പങ്കുവെയ്ക്കുന്നതിനായി... ഗംഗോലി വയലിൽ നടത്തിയ 3 ദിവസത്തെ ഉപവാസ പ്രാർത്ഥനയ്ക്കു ശേഷം ശുശ്രൂഷയിൽ ഉണ്ടായ

വളർച്ചയ്ക്കായി.... ബികാർമൗശി ഗ്രാമത്തിൽ ആരാധനാലയ നിർമ്മാണത്തിന് അനുവാദം ലഭിച്ചതിനായി....

**പ്രാർത്ഥനയ്ക്ക്:** സുരേഖയുടെയും ദിലീപിന്റെയും കുടുംബജീവിതത്തിൽ ദൈവം തലമുറകളെ നൽകേണ്ടതിനായി.... ലഹരിക്ക് അടിമയായിരിക്കുന്ന സഹോ.ബാലായുടെ വിടുതലിനായി...മൊഹാനെ, ഖദാക് എന്നീ വയലുകളിൽ ക്രമീകരിച്ചിരിക്കുന്ന അന്വേഷക കൂടിവരവുകളിൽ പുതിയ ആളുകൾ സംബന്ധിക്കേണ്ടതി നായി... ഹന്ദാർഗുലി, മാങ്കി എന്നിവിടങ്ങളിൽ ശുശ്രൂഷയ്ക്ക് വാതിൽ തുറക്കേണ്ടതിനായി...

**28. തെലങ്കാന വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 633**

**സ്തോത്രത്തിന്:** 7 വർഷത്തിനുശേഷം വിഷ്ണു-സുമലത ദമ്പതികൾക്ക് ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 10 പേർക്കായി... ചേന്നമ്പള്ളി വയലിലെ ചെഞ്ചു വിഭാഗക്കാരുടെ ഇടയിലെ ആരാധനാലയ നിർമ്മാണത്തിനായി... വത്വാർലപള്ളി ഗ്രാമത്തിൽ ആരംഭിച്ച തയ്യൽ ക്ലാസ്സുകൾ ആ ഗ്രാമത്തിലെ സ്ത്രീകൾക്ക് വളരെ പ്രയോജനപ്പെടുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** നമ്മുടെ മിഷനറി സഹോ.ഡി.എൻ.ശമുവേലിന്റെ സഹധർമ്മിണി ജയ ക്യാൻസർരോഗത്താൽ ഭാരപ്പെടുന്നു; സഹോദരിയുടെ പൂർണ്ണസൗഖ്യത്തിനായി ....റായിപോൾ പ്രവിശ്യയിൽ നിലനിൽക്കുന്ന എതിർപ്പുകൾ നീങ്ങിപ്പോകേണ്ടതിനായി... നൽഗോണ്ട, യാദാദ്രി എന്നീ ജില്ലകളിലെ വയലുകളിൽ വിശ്വാസികൾക്ക് നൽകുന്നതിന് 100 തെലുഗു ബൈബിൾ ആവശ്യമാണ്....

**29. ആന്ധ്രാപ്രദേശ്-അച്ചപ്പുവലസ വിശ്വാസ പ്രഖ്യാപനത്തിനായി .....: 338**

**സ്തോത്രത്തിന്:** പൊഡിഗുഡ, നാഗമ്മഗുഡ എന്നീ ഗ്രാമങ്ങളിലെ 14 യുവാക്കൾ വിശ്വാസം ഏറ്റുപറഞ്ഞതിനായി... പൊഡിസാ ഗ്രാമത്തിലെ ആരാധനാലയ സമർപ്പണ ശുശ്രൂഷയിൽ 750 പേർ സംബന്ധിച്ചതിനായി... പുതിയ ആരാധനാലയം ലഭിച്ച പുലമനുഗുഡ ഗ്രാമത്തിലെ വിശ്വാസികളുടെ സുവിശേഷ താല്പര്യം വർദ്ധിച്ചതിനായി... ഗുമ്മലക്ഷ്മിപുരം, മഹേന്ദ്രപുരം എന്നീ വയലുകളിലെ വിശ്വാസികളുടെ എണ്ണവും അവരുടെ ആത്മീയ നിലവാരവും വർദ്ധിക്കുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** ട്യൂമർ ബാധിതനായ 14 വയസ്സുള്ള മകന്റെ(ചന്ദു) വേർപാടിൽ ദുഃഖിക്കുന്ന മാതാപിതാക്കളുടെ ആശ്വാസത്തിനായി.... സഹോദരി സാവിത്രിയുടെ കുടുംബത്തിന്റെ സാക്ഷ്യത്തിലൂടെ സേന്താറാഗുഡ ഗ്രാമത്തിലെ ആളുകൾ വിശ്വാസത്തിലേക്ക് വരേണ്ടതിനായി... സുവിശേഷം കേൾക്കാൻ താല്പര്യമുള്ള സഹോ.ആദിത്യയുടെ കുടുംബം ആരാധനാ കൂടിവരവിൽ സംബന്ധിക്കേണ്ടതിനായി.... സുഷുമ്ന നാഡിയിലെ പ്രശ്നങ്ങൾ കാരണം നടക്കാൻ കഴിയാത്ത സഹോ.സൊമേഷിന്റെ സൗഖ്യത്തിനായി...

**30. ആന്ധ്രാപ്രദേശ് - വടക്കെൻ ജില്ലകൾ വിശ്വാസ പ്രഖ്യാപനത്തിനായി....: 338**

**സ്തോത്രത്തിന്:** രക്തസംബന്ധമായ രോഗത്തിൽ നിന്നും വിടുതൽ ലഭിച്ച കോദുലഗുമ്മഡ വയലിലെ സഹോ.ആലേക്യ തന്റെ സാക്ഷ്യം മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നു. 10 വർഷങ്ങൾക്കുശേഷം പ്രതാപ്-സിരീഷ ദമ്പതികളുടെ കുടുംബജീവിതത്തിൽ ഒരു പൈതലിനെ നൽകിയതിനായി... മസ്തിഷ്ക്ക ജ്വരം ബാധിച്ച സഹോദരി യമുനയ്ക്ക് ലഭിച്ച പൂർണ്ണസൗഖ്യത്തിനായി... സീമലവാണി വലസ ഗ്രാമത്തിൽ നടത്തിയ പരസ്യയോഗത്തിലൂടെ 150 പേർ സുവിശേഷം കേൾക്കുവാനിടയായി...

**പ്രാർത്ഥനയ്ക്ക്:** പുതിയ വിശ്വാസിയായ സഹോദരി കലാവതിയെ എതിർക്കുന്ന എല്ലാവരുടെയും രൂപാന്തരത്തിനായി... പാലേം വയലിലെ ആരാധനാലയത്തിന്റെ നവീകരണത്തിന് ആവശ്യമായ അനുവാദം ലഭിക്കേണ്ടതിനായി...ശ്വാസകോശത്തിന്റെയും വൃക്കകളുടെയും തകരാറു മൂലം ഭാരപ്പെടുന്ന 31 വയസ്സുള്ള മഹേഷിന്റെ സൗഖ്യത്തിനായി... ഗരുഗുബില്ലി മേഖലയിലെ ഉൾഗ്രാമങ്ങളിൽ ശുശ്രൂഷയ്ക്കായി മിഷനറിമാരെ ലഭിക്കേണ്ടതിനായി...

**31. കർണ്ണാടക വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്നവർ: 61**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 6 പേർക്കായി... പ്രാർത്ഥനയുടെ ഫലമായി ഗോഗ്ഗിയ ഗ്രാമത്തിലെ സഹോദരി അനിത പൈശാചിക ശക്തിയിൽ നിന്നും വിടുതൽ പ്രാപിച്ചതിനായി... തഡൊല്ല ഗ്രാമത്തിൽ ദൈവം ശുശ്രൂഷയ്ക്ക് സഹോ.അമ്പാദാസിന്റെ കുടുംബത്തെ നൽകിയതിനായി... 170 പേർ ആദ്യമായി സുവിശേഷം ശ്രവിക്കുവാനിടയായതിനായി...

**പ്രാർത്ഥനയ്ക്ക്:** ദൊഡ്ഡചെല്ലുരു വയലിൽ നടത്തിയ ദെബോര ക്യാംപിന്റെ അനുധാവന പ്രവർത്തനങ്ങൾക്കായി... ദൈവവചനം ശ്രവിച്ച നായകനഹട്ടി ഗ്രാമത്തിലെ സഹോ.സുനിലിന്റെയും കുടുംബത്തിന്റെയും മാനസാന്തരത്തിനായി... അന്വേഷക കൂടിവരവുകൾ ക്രമമായി നടക്കുന്ന മൊഗലഹള്ളി വയലിലെ ശുശ്രൂഷ വർദ്ധിക്കേണ്ടതിനായി... നഗരംഗരെ ഗ്രാമത്തിൽ ഘോഷിച്ച ദൈവവചനത്തിലൂടെ പുതിയ ആത്മാക്കളെ ലഭിക്കേണ്ടതിനായി...

## കർത്താവ് വാഴുന്നു



ആന്ധ്രാപ്രദേശിലെ സോറ വിഭാഗക്കാർ അധിവസിക്കുന്ന പുല്ലാമനുഗുഡ വയലിൽ ദൈവകൃപയാൽ ഒരു ആരാധനാലയം നിർമ്മിച്ചു നൽകുവാൻ സാധിച്ചു. 22-06-24ൽ ആരാധനാലയം ദൈവനാമമഹത്വത്തിനായി സമർപ്പിക്കുവാനിടയായി. വിശ്വവാണി എക്സിക്യുട്ടീവ് ഡയറക്ടർ റവ. വിൽസൺ അണ്ണനും കുടുംബവും സമർപ്പണ ശുശ്രൂഷയിൽ സംബന്ധിച്ചു. സോറ വിഭാഗക്കാരുടെ പരമ്പരാഗത രീതിയിലുള്ള സ്വീകരണവും, സ്നേഹവും, ആതിഥ്യ മര്യാദയും ഞങ്ങൾക്ക് മറക്കാനാവില്ല. യാത്രാമദ്ധ്യേ നിരവധി വിശ്വവാണി ആരാധനാലയങ്ങളും, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും മിഷനറിമാരാൽ നടത്തപ്പെടുന്ന മെഡിക്കൽ ശുശ്രൂഷകളും കാണുവാനിടയായി. മെഡിക്കൽ ശുശ്രൂഷ അനേകർക്ക് വളരെ പ്രയോജനകരമാണ്. അന്ന് വൈകുന്നേരം അബ്രഹാം നഗറിൽ ഒരു പ്രാർത്ഥനാ കൂടിവരവ് നടത്തുവാനിടയായി. സോറ വിഭാഗക്കാരോടൊപ്പം ഞങ്ങൾ ദൈവത്തെ സ്തുതിച്ചു. കോവിൽപാട്ടിയിലുള്ള നെഹമ്യാവ് ബിൽഡിംഗ് ട്രസ്റ്റ് പൊഡീസ്സാ ഗ്രാമത്തിൽ ഒരു ആരാധനാലയം നിർമ്മിച്ചു നൽകി. അതിന്റെ സമർപ്പണ ശുശ്രൂഷ 30-06-24 ൽ നടത്തുവാനിടയായി. സമർപ്പണ ശുശ്രൂഷയിൽ ദൈവീക സാന്നിധ്യം ഞങ്ങൾക്ക് അനുഭവിച്ചറിയാൻ സാധിച്ചു. ബാലഭവനിലെ കുട്ടികളുടെ ശിക്ഷണം, അവരെ ആത്മീയമായി നയിക്കുക തുടങ്ങിയ സാമൂഹിക വികസന പരിപാടികളും പ്രശംസനീയമാണ്. കർത്താവിന്റെ വേലയിൽ വളരെ താല്പര്യത്തോടെ പങ്കാളിത്തം വഹിക്കുന്ന മിഷനറിമാരെ കാണുവാൻ സാധിച്ചത് വളരെ സന്തോഷം നൽകി. വലിയ ഉത്തരവാദിത്തങ്ങളുടെ മധ്യത്തിലും ഞങ്ങളോടൊപ്പം വയൽ സന്ദർശനത്തിൽ പങ്കാളികളായ എക്സിക്യുട്ടീവ് ഡയറക്ടറിനോടും മിഷനറിമാരോടുമുള്ള നന്ദി അറിയിക്കുന്നു. സകല ആദരവും മഹത്വവും ദൈവത്തിനു കരേറ്റുന്നു!

**-ശ്രീമതി.ജെ.ജയാപോൾ**

### ബാങ്ക് വഴി സംഭാവന നൽകുന്നതിന്...

ശുശ്രൂഷയ്ക്കായുള്ള താങ്കളുടെ നല്ല ദാനം ബാങ്ക് വഴി അയയ്ക്കുന്നവർ
ആ വിവരം ബന്ധപ്പെട്ട പ്രവർത്തകരെയോ സ്റ്റേറ്റ് ഓഫീസിലോ
അറിയിച്ചാൽ രസീത് നൽകുന്നതിന് സഹായകമാകും

**Bank : State Bank Of India**
**A/C No : 34320874789**
**Branch : Thiruvalla**
**A/C Name : Vishwavani**
**IFS code : SBIN0003299**

UPI ID : vishwavani58@sbi

## കുഡുഖ് വിഭാഗക്കാരുടെ ഇടയിൽ നിലത്ത് വീണ ഗോതമ്പുമണി


Bro. Emmanuel Kujur with his Family

ചില മനുഷ്യർ വലിയ പ്രകാശം ലഭിച്ച ശേഷം മലമേൽ ശോഭിക്കുന്ന പട്ടണംപോലെ ശോഭിക്കുന്നു. ദൗത്യം പൂർത്തിയാക്കുന്നതിന് ആത്മഭാരമുള്ള അവർ ശുശ്രൂഷയിൽ രഥങ്ങളെയും കുതിരകളെയും പോലെയാണ്. സജീവരായ ഇവർ നിത്യതയിൽ പ്രവേശിക്കുന്നത് ഞങ്ങളുടെ ഹൃദയത്തിന് താങ്ങാൻ കഴിയില്ല. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു എന്ന് പറഞ്ഞ് നമ്മെ ആശ്വസിപ്പിച്ച യേശുവിന്റെ വാക്കുകളിൽ ഞങ്ങൾ ആശ്വസിക്കുന്നു. 1990 ൽ കുഡുഖ് വിഭാഗക്കാർ വലിയ തോതിൽ അധിവസിക്കുന്ന ജാർഖണ്ടിലെ ഉൾഗ്രാമങ്ങളിൽ നിന്നാണ് ഇമ്മാനുവേൽ കുജുറിന് ദൈവം ശുശ്രൂഷയ്ക്കായി തെരഞ്ഞെടുക്കുന്നത്. 20 വയസ്സുവരെ അദ്ദേഹം സർന വിശ്വാസത്തിൽ സജീവമായിരുന്നു. ഈ യുവാവ് കാൽവറിയിലേക്ക് തന്റെ ശ്രദ്ധ തിരിക്കുന്നത് വിശ്വവാണി മിഷനറിയായ സഹോ. സിൽവാനോസ് ടിർക്കി സുവിശേഷം പങ്കുവെച്ചതിലൂടെയാണ്.

ദമസ്ക്കോസിലേക്കുള്ള യാത്രാ മദ്ധ്യേ പൗലോസിനുണ്ടായതുപോലെയുള്ള അനുഭവം ഇമ്മാനുവേൽ കുജുറിനും ഉണ്ടായി. ഇത് കുഡുഖ് വിഭാഗക്കാരുടെ ഉന്നമനത്തിലേക്ക് സഹായിച്ചു. അദ്ദേഹം സുവിശേഷം പങ്കുവെച്ച ലോഹർദാഗ ജില്ലയിലെ വയലുകൾ ഇപ്പോഴും ആത്മീയമായി വളരുന്നു.

1991 ൽ ഒരു ട്രെയിനിയായി ശുശ്രൂഷ ആരംഭിക്കുകയും ചാൻഹോ വയലിലെ ആദ്യത്തെ മിഷനറി ആയിത്തീരുകയും ചെയ്തു. ജാർഖണ്ടിലെ ആദ്യത്തെ ആരാധനാലയം ബന്ധിയ വയലിൽ ഉണ്ടാകുന്നതിന് കാരണം അദ്ദേഹമായിരുന്നു.

ആത്മാക്കളുടെ കൊയ്ത്തിനായി നീണ്ട 31 വർഷം ജാർഖണ്ടിലെ വയലുകളിൽ മിഷനറി, വെബ് മോണിട്ടർ, ഏരിയ കോഓർഡിനേറ്റർ എന്നിങ്ങനെ വിവിധ നിലകളിൽ ദൈവം അദ്ദേഹത്തെ ശക്തമായി ഉപയോഗിച്ചു. ഒടുവിൽ അദ്ദേഹം ജാർഖണ്ട് സംസ്ഥാനത്തിന്റെ കോഓർഡിനേറ്ററായി ശുശ്രൂഷ ചെയ്തു.

2022 ജൂലൈ മാസം മുതൽ അദ്ദേഹത്തിന്റെ രണ്ടു കിഡ്നികളും തകരാറിലായിരുന്നു. ആഴ്ചയിൽ 2 പ്രാവശ്യം ഡയാലിസിസിനു വിധേയനായി. അദ്ദേഹം രോഗാവസ്ഥയിലും വയലുകൾ സന്ദർശിക്കുകയും യുവമിഷനറിമാരെ ധൈര്യപ്പെടുത്തുകയും മുടക്കം കൂടാതെ ഓഫീസിലെ പ്രവൃത്തികളും ചെയ്യുകയും ചെയ്തിരുന്നു.

ഒടുവിൽ ആരോഗ്യപ്രശ്നങ്ങൾ കാരണം അദ്ദേഹത്തിന് ശാരീരകമായി ആത്മാക്കൾക്കായി കൂടുതൽ സമയം പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ദൈവം തനിക്ക് അനുവദിച്ച സമയം കണ്ണീരോടെ കർത്താവിന്റെ വേല പരമാവധി ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചു. തന്റെ ജൂലൈ മാസം 22-ാം തീയതി വൈകുന്നേരം 7 മണിക്ക് തന്റെ 53-ാമത്തെ വയസ്സിൽ താൻ പ്രിയംവെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. യേശുക്രിസ്തുവിന്റെ മഹത്തായ സുവിശേഷത്തിലൂടെ ജാർഖണ്ടിലെ ഗ്രാമങ്ങളുടെ പരിവർത്തനത്തിന് ഇമ്മാനുവേൽ കുജുറിന്റെ പങ്ക് എടുത്തു പറയത്തക്കതാണ്. അനേകം ആത്മാക്കളെ നീതിയിലേക്ക് അദ്ദേഹം നീതിയിലേക്ക് നയിച്ചു. നീതിയുള്ള ന്യായാധിപനായ കർത്താവ് മടങ്ങി വരുമ്പോൾ നീതിയുടെ കിരീടം അവനെ ധരിപ്പിക്കും.

അദ്ദേഹത്തിന്റെ വേർപാടിൽ വേദനിക്കുന്ന സഹധർമ്മിണി സഹോദരി അമർമണി കുജുർ, പെൺമക്കളായ അമർലത കുജുർ(21), പ്രസന്നതാ കുജുർ(18) എന്നിവരുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും. ക്രിസ്തുവിൽ തങ്ങളുടെ വിശ്വാസ യാത്ര തുടരേണ്ടതിനായും മക്കളുടെ ഭാവി അനുഗ്രഹകരമാകേണ്ടതിനായും തുടർന്നും അവരെ പ്രാർത്ഥനയിൽ വഹിച്ചാലും.

VishwaVani

# 17

## ആരാധനാലയങ്ങൾ വയലുകളിലെ സാക്ഷ്യം



LAXMINAGAR, A.P. - 12.06.24



BADLA KAMI, TRIPURA - 18.06.24



RADHANAGAR KAMI, TRIPURA - 19.06.24



PANDRASINGI, A.P. - 19.06.24



DWARKAI KAMI, TRIPURA - 20.06.24



GURUCHARAN KAMI, TRIPURA - 21.06.24



PULLAMANUGUDA, A.P. 22.06.24



PODDISA, A.P. - 23.06.24



PEDHARAVYAM, A.P. - 28.06.24

**RNI REGD. NO. RN. 45020/89 | POSTAL REGD. NO. HQ/SD/181/2024-2026 - MALAYALAM | DATE OF PUBLICATION 25.07.2024**

**LICENSED TO POST WITHOUT PREPAYMENT - PMG/TS/HQR/SC-02/WPP/2024-2026**

Return Requested: VISHWAVANI SAMARPAN
1-10-28/247, Anandapuram,
ECIL Post, Hyderabad-500062.

## ഉത്തർപ്രദേശ് മുതൽ ആന്ധ്രാപ്രദേശ് വരെയുള്ള വയലുകളിലെ ആദ്യതലമുറ വിശ്വാസികൾ ആരാധിക്കുന്ന പുതിയ 17 ആരാധനാലയങ്ങൾ- ഹല്ലേല്ലുയ്യ!



KATAGATALA, ODISHA - 29.06.24


SRICHANDANPUR, ODISHA - 06.07.24



BODDAGONDI, A.P. - 30.06.24



GANUA, WEST BENGAL - 07.07.24



SIDAGAM VALASA, A.P. - 30.06.24



SINGADA, ODISHA - 07.07.24



SINGABAHALI, ODISHA - 06.07.24



CHAURATHIA, UTTAR PRADESH - 08.07.24

VISHWA VANI SAMARPAN – MALAYALAM LANGUAGE

Printed and Published by P. Selvaraj on behalf of VISHWA VANI, a registered society (Regn. No.17871 of 1987) and printed at CAXTON Offset Pvt. Ltd., 11-5-416/3, Red Hills, HYD-04. and published at 1-10-28/247, Anandapuram, ECIL Post, HYD-62. **POSTING DATE: 28.07.2024. EDITOR: P. SELVARAJ**